# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# തുറവൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-ഇ.കെ.എം -പി 4-1764/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 11/11/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തുറവൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തുറവൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തുറവൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-ഇ.കെ.എം -പി 4-1764/22 തീയ്യതി: 11/11/2022

## എറണാകുളം ജില്ലയിലെ തുറവൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ തുറവൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ബിന്ദു എസ്. നായർ | ഡെപ്യൂട്ടി ഡയറക്ടർ | 23-09-2022 | 30-09-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 23-09-2022 | 30-09-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സുസ്മിത കെ.വി.,ഓഡിറ്റ് ഓഫീസർ
ഗോപകുമാർ എം.എസ്.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
സന്തോഷ് കുമാർ എം.,സീനിയർ ഗ്രേഡ് ഓഡിറ്റർ
കിരൺ എ.എസ്.,ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി.ജിനി രാജീവ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.മണികണ്ഠൻ.സി | സെക്രട്ടറി | 01-04-2021 | 23-09-2021 |
| ശ്രീമതി.അംബിക.കെ.പി | സെക്രട്ടറി | 24-09-2021 | 06-02-2022 |
| ശ്രീമതി.ഷാജിത ബീഗം | സെക്രട്ടറി | 07-02-2022 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.വി.എം.അജിത് കുമാർ | അസി.സെക്രട്ടറി | 01-04-2021 | 15-07-2021 |
| ശ്രീമതി.ഷീജ.ടി.ആർ | അസി.സെക്രട്ടറി | 16-07-2021 | 31-03-2022 |
| ശ്രീമതി.കാർത്തിക വി | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.പ്രിയമാത്യൂ | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ.അരുൺ ബി.കൃഷ്ണ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ഡോ.ചിത്ര വേലായുധൻ | മെഡിക്കൽ ഓഫീസർ-ഹോമിയോ | 01-04-2021 | 31-03-2022 |
| ഡോ.ശ്രീലക്ഷ്മി | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2021 | 31-03-2022 |
| ശ്രീമതി.അനുപ്രിയ | അസി.എഞ്ചിനിയർ | 01-04-2021 | 31-03-2022 |
| ശ്രീ.റെജി.ടി.ആർ | വി.ഇ.ഒ - അയ്യമ്പുഴ | 01-04-2021 | 31-03-2022 |
| ശ്രീമതി.ആനി സെബാസ്റ്റ്യൻ | വി ഇഒ തുറവൂർ | 01-04-2021 | 31-03-2022 |
| ശ്രീ.പ്രശാന്ത്.ഇ.എം | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി സൈനബ | ഐ.സി.ഡി.എസ്. സൂപ്പർ വൈസർ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Kiran K.S (Auditor, On 29-09-2022)<br>Last Updated By: Raj N.C (Computer Assistant, On 08-11-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: M.S.Gopakumar (Asst. Audit Officer, On 29-09-2022)<br>Last Updated By: Raj N.C (Computer Assistant, On 11-11-2022) | 1-2 |
| 3 | വാർഷിക ധനകാര്യപത്രികകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ<br>Written By: M.S.Gopakumar (Asst. Audit Officer, On 29-09-2022)<br>Last Updated By: Raj N.C (Computer Assistant, On 11-11-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: M.S.Gopakumar (Asst. Audit Officer, On 29-09-2022)<br>Last Updated By: Raj N.C (Computer Assistant, On 08-11-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: M.S.Gopakumar (Asst. Audit Officer, On 29-09-2022)<br>Last Updated By: Raj N.C (Computer Assistant, On 11-11-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: M.S.Gopakumar (Asst. Audit Officer, On 29-09-2022)<br>Last Updated By: Raj N.C (Computer Assistant, On 08-11-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: M.S.Gopakumar (Asst. Audit Officer, On 29-09-2022)<br>Last Updated By: Raj N.C (Computer Assistant, On 08-11-2022) | 1-6 |
| 8 | തൊഴിലുറപ്പ് പദ്ധതി-അവലോകനം<br>Written By: Santhosh Kumar M (Auditor, On 30-09-2022)<br>Last Updated By: Raj N.C (Computer Assistant, On 11-11-2022) | 1-6-1 |
| 9 | ക്ഷേമപദ്ധതികൾ<br>Written By: Kiran K.S (Auditor, On 29-09-2022)<br>Last Updated By: Raj N.C (Computer Assistant, On 08-11-2022) | 1-7 |
| 10 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Kiran K.S (Auditor, On 29-09-2022)<br>Last Updated By: Raj N.C (Computer Assistant, On 08-11-2022) | 1-8 |
| 11 | ആഭ്യന്തരനിയന്ത്രണ സംവിധാനം<br>Written By: K.V.Susmitha (Audit Officer, On 01-10-2022)<br>Last Updated By: Raj N.C (Computer Assistant, On 08-11-2022) | 1-9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: M.S.Gopakumar (Asst. Audit Officer, On 29-09-2022)<br>Last Updated By: Raj N.C (Computer Assistant, On 08-11-2022) | 1-10 |
| 13 | ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Kiran K.S (Auditor, On 30-09-2022)<br>Last Updated By: Raj N.C (Computer Assistant, On 11-11-2022) | 1-11 |
| 14 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്<br>Written By: Kiran K.S (Auditor, On 30-09-2022)<br>Last Updated By: Raj N.C (Computer Assistant, On 11-11-2022) | 1-11-1 |
| 15 | FACTEOS ലൈസൻസ് - അപാകതകൾ<br>Written By: Kiran K.S (Auditor, On 30-09-2022)<br>Last Updated By: Raj N.C (Computer Assistant, On 08-11-2022) | 1-12 |
| 16 | വാടക - അപാകതകൾ<br>Written By: Kiran K.S (Auditor, On 30-09-2022)<br>Last Updated By: Raj N.C (Computer Assistant, On 11-11-2022) | 1-13 |
| 17 | തനത് ഫണ്ടിൽ നിന്ന് നൽകിയ സാക്ഷരതാപ്രേരക്-മാരുടെ വേതനം | 1-14 |

| | | |
|---|---|---|
| | തിരികെ ലഭ്യമായില്ല.<br>Written By: Santhosh Kumar M (Auditor, On 30-09-2022)<br>Last Updated By: Raj N.C (Computer Assistant, On 11-11-2022) | |
| 18 | ബയോഗ്യാസ് പ്ലാന്റ് - സബ്സിഡി അനുവദിച്ചതിലെ അപാകത<br>Written By: Santhosh Kumar M (Auditor, On 30-09-2022)<br>Last Updated By: Raj N.C (Computer Assistant, On 11-11-2022) | 1-15 |
| 19 | കുടിവെള്ളവിതരണ പദ്ധതികൾ – പദ്ധതി ലക്ഷ്യം പൂർത്തീകരിക്കപ്പെട്ടിട്ടില്ല<br>Written By: M.S.Gopakumar (Asst. Audit Officer, On 30-09-2022)<br>Last Updated By: Raj N.C (Computer Assistant, On 11-11-2022) | 1-16 |
| 20 | അസറ്റ് രജിസ്റ്റർ കാലികമാക്കി പരിപാലിക്കേണ്ടതും, അസറ്റ് മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കേണ്ടതുമാണ്.<br>Written By: M.S.Gopakumar (Asst. Audit Officer, On 30-09-2022)<br>Last Updated By: Raj N.C (Computer Assistant, On 11-11-2022) | 1-17 |
| 21 | ഹോമിയോ മരുന്നുകൾ ലഭ്യമായിട്ടില്ല<br>Written By: K.V.Susmitha (Audit Officer, On 30-09-2022)<br>Last Updated By: Raj N.C (Computer Assistant, On 11-11-2022) | 1-18 |
| 22 | മരുന്ന് പൂർണ്ണമായും ലഭ്യമായില്ല<br>Written By: Santhosh Kumar M (Auditor, On 30-09-2022)<br>Last Updated By: Raj N.C (Computer Assistant, On 09-11-2022) | 1-19 |
| 23 | പദ്ധതി നടപ്പിലായില്ല - ജില്ലാ പഞ്ചായത്തിന് കൈമാറിയ തുക തിരികെ ലഭ്യമായില്ല.<br>Written By: Santhosh Kumar M (Auditor, On 30-09-2022)<br>Last Updated By: Raj N.C (Computer Assistant, On 09-11-2022) | 1-20 |
| 24 | മുൻകൂർ തുക നൽകിയിട്ടും കെൽട്രോണിൽ നിന്നും സ്കാനർ ലഭിച്ചില്ല<br>Written By: K.V.Susmitha (Audit Officer, On 30-09-2022)<br>Last Updated By: Raj N.C (Computer Assistant, On 09-11-2022) | 1-21 |
| 25 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്<br>Written By: K.V.Susmitha (Audit Officer, On 30-09-2022)<br>Last Updated By: Raj N.C (Computer Assistant, On 11-11-2022) | 1-22 |
| 26 | വെള്ളക്കരം കുടിശ്ശികക്ക് കൃത്യമായ കണക്കില്ല<br>Written By: K.V.Susmitha (Audit Officer, On 01-10-2022)<br>Last Updated By: Raj N.C (Computer Assistant, On 09-11-2022) | 1-23 |
| 27 | ജില്ലാ വെബ് പോർട്ടൽ - പദ്ധതി നടപ്പിലായില്ല.<br>Written By: K.V.Susmitha (Audit Officer, On 30-09-2022)<br>Last Updated By: Raj N.C (Computer Assistant, On 09-11-2022) | 1-24 |
| 28 | പഠനമുറി നിർമ്മാണം - അപാകതകൾ<br>Written By: K.V.Susmitha (Audit Officer, On 30-09-2022)<br>Last Updated By: Raj N.C (Computer Assistant, On 11-11-2022) | 1-25 |
| 29 | പഠനമുറി - നിർമ്മാണം പൂർത്തിയാക്കിയില്ല<br>Written By: K.V.Susmitha (Audit Officer, On 01-10-2022)<br>Last Updated By: Raj N.C (Computer Assistant, On 09-11-2022) | 1-26 |
| 30 | വിദ്യാർത്ഥികൾക്ക് ലാപ്ടോപ് - സർക്കാർ നിർദേശം പാലിച്ചില്ല<br>Written By: K.V.Susmitha (Audit Officer, On 01-10-2022)<br>Last Updated By: Raj N.C (Computer Assistant, On 09-11-2022) | 1-27 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം<br>Written By: M.S.Gopakumar (Asst. Audit Officer, On 29-09-2022)<br>Last Updated By: Raj N.C (Computer Assistant, On 09-11-2022) | 4-1 |

| | | |
|---|---|---|
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: M.S.Gopakumar (Asst. Audit Officer, On 29-09-2022)<br>Last Updated By: Raj N.C (Computer Assistant, On 11-11-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: M.S.Gopakumar (Asst. Audit Officer, On 29-09-2022)<br>Last Updated By: Raj N.C (Computer Assistant, On 09-11-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: K.V.Susmitha (Audit Officer, On 30-09-2022)<br>Last Updated By: Raj N.C (Computer Assistant, On 09-11-2022) | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ്<br>Written By: M.S.Gopakumar (Asst. Audit Officer, On 29-09-2022)<br>Last Updated By: Raj N.C (Computer Assistant, On 09-11-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: M.S.Gopakumar (Asst. Audit Officer, On 29-09-2022)<br>Last Updated By: Raj N.C (Computer Assistant, On 11-11-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: M.S.Gopakumar (Asst. Audit Officer, On 29-09-2022)<br>Last Updated By: Raj N.C (Computer Assistant, On 09-11-2022) | 4-7 |
| 8 | സമാഹ്യത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: M.S.Gopakumar (Asst. Audit Officer, On 29-09-2022)<br>Last Updated By: Raj N.C (Computer Assistant, On 09-11-2022) | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: M.S.Gopakumar (Asst. Audit Officer, On 30-09-2022)<br>Last Updated By: Raj N.C (Computer Assistant, On 09-11-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: K.V.Susmitha (Audit Officer, On 01-10-2022)<br>Last Updated By: Raj N.C (Computer Assistant, On 11-11-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: M.S.Gopakumar (Asst. Audit Officer, On 30-09-2022)<br>Last Updated By: Raj N.C (Computer Assistant, On 11-11-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2021-2022 സാമ്പത്തിക വർഷത്തെ ബജറ്റ് 19.02.2021 തീയതിയിലെ 1(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 10.03.2022 തീയതിയിലെ 5(1)- ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. 2021-2022 ബജറ്റ്, പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ താഴെ ചേർക്കുന്നു.

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| പ്രാരംഭ ബാക്കി | 1,29,36,839 | 1,29,36,839 |
| വരവ് | 19,59,36,000 | 16,60,14,967 |
| ആകെ | 20,88,72,839 | 17,89,51,806 |
| ചെലവ് | 20,67,07,000 | 17,54,60,290 |
| നീക്കിയിരിപ്പ് | 21,65,839 | 34,91,516 |

MGNREGS – പ്രവൃത്തികൾക്ക് DBT വഴി ചെലവായ 1,70,74,320/- രൂപയും സാമൂഹ്യ സുരക്ഷാ പെൻഷനുകൾക്കു വേണ്ടി DBT വഴി ചെലവായ 6,66,60,100/- രൂപയും കൂടി ചേർക്കുമ്പോൾ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും ചെലവും തമ്മിൽ താഴെപ്പറയുന്ന പ്രകാരം വ്യത്യാസം കാണുന്നു.

| | 2021– 2022 ബജറ്റ് പ്രകാരം | 2021–2022വാർഷിക ധനകാര്യപത്രിക ( റസീപ്റ്റ് & പേയ്മന്റ് ) പ്രകാരം | വ്യത്യാസം |
|---|---|---|---|
| വരവ് | 16,60,14,967 | 6,60,17,976 | 1,62,62,571 |
| ചെലവ് | 17,54,60,290 | 6,37,39,332 | 2,79,86,538 |

ബജറ്റ് തയ്യാറാക്കുമ്പോൾ പ്രതീക്ഷിത വരവ് ചെലവുകൾ യുക്തിസഹമാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 20-05-2022 |

### 1-2-1 വാർഷിക ധനകാര്യപത്രികകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

തുറവൂർ ഗ്രാമപഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തിലെ വാർഷിക ധനകാര്യപത്രികകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

തുറവൂർ ഗ്രാമപഞ്ചായത്തിന്റെ കണക്കുകൾ ILGMS അക്കൗണ്ടിംഗ് സിസ്റ്റത്തിലേക്ക് മാറ്റിയത് 06/09/2021മുതലാണ്. 01/04/2021മുതൽ 05/09/2021 വരെയുള്ള കണക്കുകൾ സാംഖ്യയിൽ തയ്യാറാക്കിയത് Past Data Entry ( PDE ) വഴി 06/09/2021 ൽ ILGMS ലേക്ക് ഇന്റഗ്രേറ്റ് ചെയ്ത് 01.04.2021 മുതൽ 31.03.2022 വരെയുള്ള വാർഷിക ധനകാര്യപ്പത്രിക തയ്യാറാക്കിയിട്ടുണ്ട്. ഈ വാർഷിക ധനകാര്യപ്പത്രികയിൽ 31.03.2021 ലെ ബാലൻസ് ഷീറ്റിലെ ബാലൻസ് തുകകൾ 01.04.2021 ലെ ILGMS ഓപ്പണിംഗ് ബാലൻസിലേക്ക് കൊണ്ടുവന്നപ്പോൾ ചില ഹെഡ് ഓഫ് അക്കൗണ്ടുകൾ കൂട്ടിച്ചേർക്കപ്പെടുകയും, ചില ഹെഡ് ഓഫ് അക്കൗണ്ടുകൾ വിഭജിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം കൂട്ടിച്ചേർക്കപ്പെടുകയും, വിഭജിക്കപ്പെടുകയും ചെയ്ത അക്കൗണ്ട് ഹെഡുകളിലെ ആകെ തുകയും, സാംഖ്യവഴി മുൻബാലൻസ് ഷീറ്റിൽ ഉണ്ടായിരുന്ന ബാലൻസ് തുകയും തമ്മിൽ പൊരുത്തപ്പെടുന്നുണ്ട്.

ഇപ്രകാരം തയ്യാറാക്കിയ വാർഷിക ധനകാര്യപ്പത്രിക പരിശോധിച്ച വേളയിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. ILGMS നിലവിൽ വന്ന തീയതി മുതൽ പഞ്ചായത്തിന്റെ ഭരണ- എസ്റ്റാബ്ലിഷ് മെന്റ് - പ്രവർത്തനച്ചെലവുകളും എല്ലാ ചെലവുകളും “ Amount Payble To Other Creditors” എന്ന ഹെഡ് ഓഫ് അക്കൗണ്ടിലേക്കാണ് (350 109 999) പോസ്റ്റ് ചെയ്യപ്പെടുന്നത്. ആയതിനാൽ അതിനുശേഷമുള്ള തൻവർഷ റവന്യൂ ചെലവുകൾ ഇൻകം & എക്സ് പെൻഡിച്ചർ പത്രികയിൽ മാത്രമേ പ്രതിഫലിക്കുകയുള്ളൂ. 01.04.2021 മുതൽ ILGMS നിലവിൽ വന്ന തീയതിവരെയുള്ള ചെലവുകളാണ് റസീപ്റ്റ് & പേമെന്റ് ഷെഡ്യൂളുകളിൽ പ്രതിഫലിക്കുന്നത്.

2. സാംഖ്യയിൽ ഓരോ ബാങ്ക് / ട്രഷറി അക്കൗണ്ടിനും പ്രത്യേകം ഹെഡ് ഓഫ് അക്കൗണ്ട്സ് ട്രയൽ ബാലൻസിൽ രേഖപ്പെടുത്തപ്പെട്ടിരുന്നു. എന്നാൽ ILGMS-മുഖേന തയ്യാറാക്കിയിരിക്കുന്ന വാർഷിക ധനകാര്യപ്പത്രികയിലെ ട്രയൽ ബാലൻസിൽ താഴെപ്പറയുന്ന പ്രകാരം ബാങ്ക്/ ട്രഷറി എന്നിവയ്ക്കായി പൊതു ഹെഡ് ഓഫ് അക്കൗണ്ട്സ് മാത്രമേ ഉള്ളൂ.

| | |
|---|---|
| 450 210 101 | Nationalised Bank Account For Own Fund Revenue Fund |
| 450 210 101 | Co-Operative Bank Account For Own Fund Revenue Fund |
| 450 210 101 | Post Office Bank Account For Own Fund Revenue Fund |
| 450 210 101 | Treasury Accounts For Traditional Functions Fund |
| 450 210 101 | Treasury Accounts Of Development Funds |

ഇപ്രകാരം തനത് ഫണ്ട് അക്കൗണ്ടുകൾക്കെല്ലാം കൂടി പൊതു ഹെഡ് ഓഫ് അക്കൗണ്ട്സ് ആയതിനാൽ ഗ്രാമ പഞ്ചായത്തിലെ വിവിധ ബാങ്ക് അക്കൗണ്ടുകളുടെ സാമ്പത്തിക ഇടപാടുകളുടെ വിവരം ട്രയൽ ബാലൻസിലൂടെ പരിശോധിക്കാനാവുന്നില്ല. അതേസമയം ട്രഷറി അക്കൗണ്ടുകൾക്ക് തരം തിരിച്ച് ഹെഡ് ഓഫ് അക്കൗണ്ട്സ് നല്കിയിട്ടുമുണ്ട്.

3. സൂചിക, സേവന സിവിൽ രജിസ്ട്രേഷൻ (Birth & Death And Marriage Registration), സാംഖ്യ (ലോക്കൽ) എന്നീ ആപ്ലിക്കേഷനുകൾ മാത്രമേ ILGMS മായി ലിങ്ക് ചെയ്തിട്ടുള്ളൂ. ബാക്കി പ്രധാന ആപ്ലിക്കേഷനുകളായ സുലേഖ, സാംഖ്യ (വെബ്), സഞ്ചയ എന്നിവ ലിങ്ക് ചെയ്തിട്ടില്ല. ആയതിനാൽ ഗ്രാന്റ് ഇൻ എയ്ഡ് ചെലവുകളും, പ്രൊജക്ട് ചെലവുകളും ILGMS ൽ Real Time Mapping നടക്കുന്നില്ല. പ്രൊജക്ട് ചെലവുകളുടെ ഫയലുകളും, ILGMS വഴി പരിശോധിക്കാൻ സാധിക്കുന്നില്ല. E-Bill Generation ILGMS-ൽ പ്രാവർത്തികമായിട്ടില്ല.

4. വാർഷിക ധനകാര്യപ്പത്രികയിലെ ബാലൻസ് ഷീറ്റ്, ഇൻകം & എക്സ്പെൻഡിച്ചർ, റസീപ്റ്റ് & പേമെന്റ് , കാഷ് ഫ്ലോ സ്റ്റേറ്റ് മെന്റ് എന്നിവയോടൊപ്പം ലഭ്യമായിരുന്ന ബാലൻസ് ഷീറ്റിന്റെ ഭാഗമായ B1 ഷെഡ്യൂൾ ILGMS അക്കൗണ്ട്സിന്റെ ഭാഗമായി ലഭ്യമാകുന്നില്ല. ആയതിനാൽ ബാലൻസ് ഷീറ്റിലെ പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത പരിശോധിക്കാനോ, കൃത്യത ഉറപ്പുവരുത്താനോ സാധിക്കുന്നില്ല.

5. സാംഖ്യയിൽ നിന്ന് ലഭ്യമായിരുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, ചെക്ക് ഇഷ്യൂ രജിസ്റ്റർ, പേമെന്റ് വൗച്ചർ ലിസ്റ്റ് എന്നിവ ഇപ്പോൾ ILGMS-ൽ നിന്ന് ലഭിക്കുന്നില്ല. കൂടാതെ വൗച്ചർ സെർച്ചിംഗ്, വൗച്ചർ ട്രേസിംഗ് എന്നിവ നടത്തുന്നതിനും സഹായകരമായ രീതിയിൽ ബിൽ രജിസ്റ്റർ ILGMS ൽ ചേർക്കേണ്ടതുണ്ട്. നിലവിൽ ഫയൽ നമ്പർ അടിസ്ഥാനത്തിൽ മാത്രമേ വൗച്ചർ സെർച്ച് ചെയ്യാൻ സാധിക്കുകയുള്ളൂ. ആയതിനാൽ വൗച്ചറുകളുടെ തുടർച്ച പരിശോധനവിധേയമാക്കാൻ കഴിയുകയില്ല.

6. അഡ്വാൻസ് രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ ഇപ്പോൾ ILGMSൽ ഉൾപ്പെടുത്തിയിട്ടില്ല.

7. തൊഴിൽ നികുതി, വാടക, ലൈസൻസ് എന്നിവയുടെ ഡിമാന്റ് ഇപ്പോഴും മാനുവൽ രജിസ്റ്റർ പ്രകാരം തന്നെയാണ് തയ്യാറാക്കുന്നത്. ILGMSൽ ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ ചേർത്താൽ മാത്രമേ എല്ലാ വരവിനങ്ങളുടെയും കൃത്യമായ ഡിമാന്റ് കളക്ഷൻ- ബാലൻസ് സ്റ്റേറ്റ് മെന്റ് പരിശോധിക്കാനാവൂ. സഞ്ചയ ആപ്ലിക്കേഷനിൽ ഡിമാന്റിലുള്ള വ്യത്യാസം ഡാറ്റാ പ്യൂരിഫിക്കേഷൻ വഴി ക്രമീകരിക്കുന്ന പ്രക്രിയ ഇപ്പോഴും പൂർത്തീകരിക്കപ്പെട്ടിട്ടില്ല.

8. അസറ്റ് രജിസ്റ്റർ സംബന്ധിച്ച് കൃത്യത ഉറപ്പുവരുത്തിയിട്ടില്ല. എല്ലാ അസറ്റുകളും ഉൾപ്പെടുത്തി അസറ്റ് രജിസ്റ്റർ കാലികമാക്കിയാൽ മാത്രമേ വാർഷികധനകാര്യപ്പത്രികയിലെ ബാലൻസ് ഷീറ്റിലെ B-11 (A) ഷെഡ്യൂൾ പ്രകാരം ചേർത്തിരിക്കുന്ന Accumulated Depreciation എന്ന ഹെഡ് ഓഫ് അക്കൗണ്ടിലെ തുകകളുടെ കൃത്യത ഉറപ്പാക്കാനാവൂ.

9. വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്). ILGMS സോഫ്റ്റ് വെയറിൽ ഈ വിവരം ലഭ്യമല്ല എന്നാണ് അറിയിച്ചത്.

10. ഇ-ടെണ്ടർ ഫോറത്തിന്റെ വിലയായി ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും തൻവർഷം ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള തുക ഡിമാന്റ് ചെയ്ത് ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റിലെ I-5(b) ഷെഡ്യൂളിൽ ഉൾപ്പെടുത്തുകയോ, ബാലൻസ് ഷീറ്റിലെ B-15 ഷെഡ്യൂളിൽ അദർ റിസീവബിൾസ് (കറന്റ്) എന്ന ഹെഡ്ഡിൽ ആസ്തിയായി രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഓരോവർഷവും ഇ-ടെണ്ടർ ഫോറത്തിന്റെ വരവ് അക്കൌണ്ടിൽ ഉൾപ്പെടുത്തുന്നു എന്ന് ഉറപ്പ് വരുത്തി അറിയിക്കേണ്ടതാണ്.

11. വസ്തു നികുതിയുടെ ഡിമാന്റ് തുകകൾ സഞ്ചയ ഡിസിബി സ്റ്റേറ്റ്മെന്റ് അനുസരിച്ചുള്ള തുകകളാണ് വാർഷിക ധനകാര്യപത്രികയിൽ ചേർത്തിരിക്കുന്നത് എങ്കിലും ഇതിന് അടിസ്ഥാനമായ ഡിസിബി സ്റ്റേറ്റ്മെന്റ് സെക്രട്ടറി സാക്ഷ്യപ്പെടുത്തി കൃത്യത ഉറപ്പുവരുത്തുന്നില്ല.

12. ബാലൻസ് ഷീറ്റ് ബി 11 ഷെഡ്യൂൾ പ്രകാരം 18 ഹെഡുകളിലായി ആസ്തികൾ അക്കൌണ്ട് ചെയ്തിട്ടുണ്ട് എങ്കിലും അക്യുമുലേറ്റഡ് ഡിപ്രസിയേഷൻ 10 ഹെഡുകളിലായി ആണ് അക്കൌണ്ട് ചെയ്തിട്ടുള്ളത്. വിവിധ ഡിപ്രസിയേഷൻ റേറ്റുകളുള്ള പല ആസ്തികളുടെയും ഡിപ്രസിയേഷൻ അദർ ഫിക്സഡ് അസറ്റ് എന്ന ഹെഡിലാണ് ചേർത്തിരിക്കുന്നത്. ആസ്തികളുടെ കാലപ്പഴക്കം സംബന്ധിച്ച വിശദാംശങ്ങളും ലഭ്യമല്ല.

13. ബി-4 ഷെഡ്യൂളിൽ ബെനിഫിഷറി കോൺട്രിബ്യൂഷൻ എന്ന ഹെഡിൽ 57,920/- രൂപ നിലനിൽക്കുന്നുണ്ട് . ഈ തുക വർഷങ്ങളായി നിലനിൽക്കുന്നതായി കാണുന്നു.ആയതിനാൽ തനത് ഫണ്ടിലേക്ക് മാറ്റുന്നതിനായി നടപടികൾ സ്വീകരിക്കേണ്ടതാണ്.

14. വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രജിസ്റ്ററുകൾ പ്രകാരമുള്ള ഡി.സി.ബി. സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട് എങ്കിലും അതിന്റെ കൃത്യത ഉറപ്പുവരുത്തുന്നില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,06,84,598.52 |
| ഓഡിറ്റ് വർഷത്തെ വരവ് | 6,60,17,976.00 |
| ആകെ | 7,67,02,574.52 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 6,37,39,332 |
| നീക്കിയിരിപ്പ് | 1,29,63,242.52 |
| വരവിനങ്ങളിലുള്ള നഷ്ടം | --- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | --- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 13,37,778.00 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | നീക്കി യിരുപ്പ് | ചെലവഴിക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 9884200 | 9884200 | 9883064 | 0 | 1136 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 3217333 | 3217333 | 3212469 | 0 | 4864 |
| വികസനഫണ്ട്(ടി.എസ്.പി) | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 17437000 | 17437000 | 13473772 | 0 | 3963228 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 4870979 | 4870979 | 3999666 | 0 | 871313 |
| ധനകാര്യ കമ്മീഷൻ അവാർഡ് ( Tied) | 0 | 6330250 | 6330250 | 1006319 | 5323931 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Un Tied) | 0 | 2496843 | 2496843 | 2143210 | 353633 | 0 |
| കേന്ദ്രാവിഷ്കൃതഫണ്ട്- | | | | | | |
| 320100181 – സമ്പൂർണ്ണ ശുചിത്വം | 1824364 | 0 | 1824364 | 1565567 | 258797 | |
| എൻ.ആർ.ഇ.ജി.എസ് 320100101-Admin.Exp | 1941 | 619798 | 621739 | 34145 | 587594 | |
| EFMS | 0 | 17040175 | 17040175 | 17040175 | 0 | |
| ICDS- 320100125 | 435461 | 1014375 | 1449836 | 1200000 | 249836 | |
| സംസ്ഥാനാവിഷ്കൃതഫണ്ട്- | | | | | | |
| 320100160 – ലൈഫ് -സംസ്ഥാന വിഹിതം | 0 | 100000 | 100000 | 0 | 100000 | |
| 320100198 – ശുചിത്വ മിഷൻ ഫണ്ട് | 0 | 140000 | 140000 | 140000 | 0 | |
| 320100197 – സാക്ഷരത | 4646.64 | 140 | 4786.64 | 0 | 4786.64 | |
| 320300199 – ആശ്രയ-അഗതി രഹിത ഫണ്ട് | 2760 | 14373 | 17133 | 14373 | 2760 | |
| 320300103 – സമ്പൂർണ്ണ ശുചിത്വം | 79507 | 0 | 79507 | 0 | 79507 | |
| 320400199 – കെ.എസ്.എഫ്.ഇ. സംഭാവന | 54000 | 0 | 54000 | 0 | 54000 | |

1.അപ്രോപ്രിയേഷൻ കൺട്രോൾരജിസ്റ്ററും, വാർഷികധനകാര്യപ്പത്രികയും തമ്മിൽ താഴെപ്പറയും പ്രകാരം വ്യത്യാസം കാണുന്നു.

| ഫണ്ടിനം | RP-7 പ്രകാരം | ACR പ്രകാരം | വ്യത്യാസം | കാരണം |
|---|---|---|---|---|
| Central Finance Commission Grant-Untide | 210000 | 6330250 | 6120250 | സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് 2021-2022 ൽ സ്പിൽഓവർപ്രൊജക്ടുകൾക്കുവേണ്ടി ട്രഷറിയിൽനിന്ന് ചെലവാകുന്ന തുകയാണ് റസീപ്റ്റ് & എക്സ് പെൻഡിച്ചർപത്രികയിലെ RP-7 ൽ കാണുന്നത്. 2021-2022 മുതൽ ഇ-ഗ്രാമസ്വരാജ് സോഫ്റ്റ് വെയർവഴി EFMS മുഖേനയാണ് സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ക്രഡിറ്റ് ചെയ്യപ്പെടുന്നത്. ഈ തുക റസീപ്റ്റ് & എക്സ് പെൻഡിച്ചർ പത്രികയിലെ RP-31 ൽ ഷെഡ്യൂളിൽലയബിലിറ്റി ആയിട്ടാണ് രേഖപ്പെടുത്തുന്നത്. എന്നാൽ ഈ രണ്ട് തുകകളും ഒരേ ഹെഡിലാണ് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഇതാണ് വ്യത്യാസത്തിന് കാരണം. |
| Central Finance Commission Grant-Tide | 0 | 2496843 | 2496843 | |

2. 2021-22 സാമ്പത്തികവർഷം ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനിലേക്ക് മാറ്റിയ ഫണ്ടിനങ്ങളുടെ വിശദാംശങ്ങൾ

വാർഷിക ധനകാര്യപത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് പത്രികയിലെ RP-7 ഷെഡ്യൂളിൽ വിവധയിനം സർക്കാർ ഗ്രാന്റിനങ്ങളിലെ ചെലവ് തുകയോട് ലൈഫ് മിഷൻ പദ്ധതിക്കുവേണ്ടി എടുത്തിട്ടുള്ള വായ്പ തുകയുടെ തിരിച്ചടവ്, അങ്കണവാടി അദ്ധ്യാപകർക്കുള്ള അധിക ഓണറേറിയം, വാട്ടർ ചാർജ്ജ് കുടിശ്ശിക തിരിച്ചടവ് എന്നിവയ്ക്കുവേണ്ടി വികസനഫണ്ടിന്റെ സ്രോതസ്സിൽ തന്നെ ഫണ്ട് കുറവ് വരുത്തൽ, അല്ലെങ്കിൽ സർക്കാർ നിർദ്ദേശപ്രകാരമുള്ള മറ്റ് ജി.ഒ. പ്രൊജക്ടുകൾക്കുവേണ്ടിയുള്ള ചെലവ് എന്നീ ഇനങ്ങളിൽ ചെലവ് വന്നിട്ടുണ്ടെങ്കിൽ ആ ചെലവ് കൂടി കൂട്ടിയ തുകയിൽ നിന്ന് ക്യാപിറ്റൽ എക്സ് പെൻഡിച്ചർ ആയ തുക ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനിലേക്ക് മാറ്റിയശേഷം ബാക്കി വരുന്ന റവന്യൂ എക്സ് പെൻഡിച്ചർ മാത്രമാണ് I-6 ൽ അതത് ഹെഡ് ഓഫ് അക്കൗണ്ടിൽ വരേണ്ടത്. ഇവിടെ 22,54,467/- രൂപയാണ് ജി.ഒ പ്രൊജക്ടുകൾക്കുവേണ്ടി (അങ്കണവാടി അദ്ധ്യാപകർക്കുള്ള അധിക ഓണറേറിയം, ലൈഫ് മിഷൻ പദ്ധതി) മാറ്റിയത്.

മേൽപ്പറഞ്ഞ പ്രകാരമുള്ള കണക്കുകളുടെ വിശദാംശം താഴെക്കൊടുക്കുന്നു.

| ഫണ്ടിനം | As Per RP-7 | കൂട്ടുക- ജി.ഒ പ്രൊജക്ടുകൾക്ക വേണ്ടി നീക്കിവെച്ച തുക | കുറയ്ക്കുക -ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനിലേക്ക് മാറ്റിയ തുക | As Per I-6 | Remarks |
|---|---|---|---|---|---|
| Dev.Fund -General | 98,83,064 | 919800 + 1188000 | 0 | 1,19,90,864 | (അങ്കണവാടി അദ്ധ്യാപകർക്കുള്ള അധിക ഓണറേറിയം-9,19,800/-) |

| | | | | | |
|---|---|---|---|---|---|
| | | | | | KURDFC-ലൈഫ് മിഷൻ പദ്ധതി വായ്പ തിരിച്ചടവ് – 11,88,000/- |
| Dev.Fund -SCP | 32,12,469 | 1,46,667 | 0 | 33,59,136 | KURDFC-ലൈഫ് മിഷൻ പദ്ധതി വായ്പ തിരിച്ചടവ് – 1,46,667/- |

2021-22 സാമ്പത്തികവർഷം ഉറവൂർഗ്രാമപഞ്ചായത്തിന് ലഭിച്ച സർക്കാർ ഗ്രാന്റുകളുടെ ചെലവ് ശതമാനം താഴെപ്പറയും പ്രകാരമാണ്.

| ഫണ്ടിനം | അലോട്ട്മെന്റ് പ്രകാരം വരവ് | ചെലവ് | ചെലവിന്റെ ശതമാനം | ചെലവഴിക്കാതെ ലാപ്സായ തുക | ചെലവഴിക്കാതെ ലാപ്സായ തുകയുടെ ശതമാനം |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 9884200 | 9883064 | 99.99 | 1136 | 0.01 |
| വികസന ഫണ്ട്(എസ്.സി.പി) | 3217333 | 3212469 | 99.85 | 4864 | 0.15 |
| വികസനഫണ്ട്(ടി.എസ്.പി) | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 17437000 | 13473772 | 77.27 | 3963228 | 22.73 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 4870979 | 3999666 | 82.11 | 871313 | 17.89 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്( Tied) | 6330250 | 1006319 | 15.90 | 5323931 | 84.10 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Un Tied) | 2496843 | 2143210 | 85.84 | 353633 | 14.16 |

2021-22 സാമ്പത്തികവർഷം മുൻവർഷത്തെ അപേക്ഷിച്ച് എല്ലാ ഇനം ഫണ്ടുകളുടെയും ചെലവ് ശതമാനം ഉയർന്ന് നില്ക്കുന്നുണ്ട്. അതേസമയം, ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied), ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Un Tied) എന്നീ ഇനങ്ങളിൽ ചെലവ് വളരെയധികം കുറവാണെന്നും കാണാവുന്നതാണ്. ഈ ഫണ്ടുകളുടെ ചെലവിൽ ഉണ്ടായ കുറവിന് കൃത്യമായ കാരണം വിലയിരുത്തി അടുത്തവർഷങ്ങളിൽ ഈ മേഖലയിലും കാര്യക്ഷമമായ ഫണ്ട് വിനിയോഗം ഉറപ്പുവരുത്താൻ പഞ്ചായത്ത് ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

KSFEയിൽ നിന്നും ലഭിച്ച 54,000/- രൂപയും സമ്പൂർണ്ണ ശുചിത്വം പ്രൊജക്റ്റിനു വേണ്ടി ലഭിച്ച 79,507/- രൂപയും 31.03.2022 വരെയും ചെലവാക്കാതെ ബാക്കി നിൽക്കുന്നുണ്ട്. ടി തുക എന്താവശ്യത്തിനാണോ ലഭ്യമായത്, ആ ആവശ്യത്തിന് ഉപയോഗിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | പൂർണ്ണമായി നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 152 | 8,70,91,737 | 149 | 4,57,83,557 | 100 | 49 | 3 | 65.79% |

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച 73 മരാമത്ത് പ്രോജക്ടുകളിൽ 20 പ്രൊജക്ടുകൾ വിവിധ കാരണങ്ങളാൽ തൻവർഷം നടപ്പാക്കിയിട്ടില്ല. പിന്നീടുള്ള വർഷം ടി പ്രൊജക്ടുകൾ സ്പിൽഓവറായി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 1,941 | 6,19,798 | 6,21,739 | 34,145 | 5,87,594 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 1,70,40,175 | 1,70,40,175 | 1,70,40,175 | 0 |
| ആകെ | 1,941 | 1,76,59,973 | 1,76,61,914 | 1,70,74,320 | 5,87,594 |

## 1-6-1 തൊഴിലുറപ്പ് പദ്ധതി-അവലോകനം

2021 -22 വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

| | |
|---|---|
| ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങൾ | 2551 |
| രജിസ്റ്റർ ചെയ്ത വ്യക്തികളുടെ എണ്ണം | 4081 |
| ആക്ടീവായ ഗുണഭോക്താക്കൾ | 1220 |
| തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം | 812 |
| തൊഴിൽ ആവശ്യപ്പെട്ട വ്യക്തികളുടെ എണ്ണം | 920 |
| 2021-22ൽ നല്കിയ തൊഴിൽ ദിനങ്ങൾ | 456893 |

| | |
|---|---|
| ഒരു കുടുംബത്തിന് ലഭ്യമായ ശരാശരി തൊഴിൽ ദിനങ്ങൾ | 64 |
| 100 തൊഴിൽ ദിനങ്ങൾ നല്കപ്പെട്ട കുടുംബങ്ങളുടെ എണ്ണം | 262 |
| 2021-22 വർഷത്തെ ആകെ ചെലവ് തുക | 170.74ലക്ഷം |

രൂപീകരിച്ച വർക്കുകൾ – 497

ആകെ നടപ്പിലാക്കിയ വർക്കുകൾ – 248
നടപ്പിലാക്കിയ പദ്ധതികളുടെ മേഖല തിരിച്ചുള്ള വിവരം താഴെക്കൊടുക്കുന്നു

| | നടപ്പാക്കിയ പ്രവൃത്തികൾ | എണ്ണം |
|---|---|---|
| 1 | സോക്ക്പിറ്റ് | 10 |
| 2 | കാലിതൊഴുത്ത് നിർമ്മാണം | 10 |
| 3 | തോട്, കനാൽ പുനരുദ്ധാരണം | 45 |
| 4 | ആട്ടിൻ കൂട് നിർമ്മാണം | 25 |
| 5 | കോഴിക്കൂട് നിർമ്മാണം | 41 |
| 6 | ഭവന നിർമ്മാണം | 20 |
| 7 | കമ്പോസ്റ്റ് കുഴി | 23 |
| 8 | മിനി എം.സി.എഫ്. | 1 |
| 9 | എം.സി.എഫ്. | 1 |
| 10 | തരിശ് ഭൂമി കൃഷിയോഗ്യമാക്കൽ | 71 |
| 11 | അസോള ടാങ്ക് | 1 |
| ആകെ | | 248 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 25,90,400 | 139 |
| വിധവാപെൻഷൻ | 1,79,85,000 | 977 |
| വാർദ്ധക്യകാലപെൻഷൻ | 3,92,64,700 | 2379 |
| വികലാംഗപെൻഷൻ | 55,41,600 | 293 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള ധനസഹായം | 12,78,400 | 68 |
| തൊഴിൽ രഹിത വേതനം | 1080 | 1 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.09.2022 തീയതിയിൽ സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 46,832/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനവും ആഭ്യന്തരനിയന്ത്രണ സംവിധാനവും പൊതുവെ തൃപ്തികരമാണ്.

പഞ്ചായത്ത് കമ്മിറ്റി തീരുമാനങ്ങൾ യഥാസമയം നടപ്പാക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനായി വാച്ച് രജിസ്റ്റർ പരിപാലിക്കുന്നില്ല.

പഞ്ചായത്തിന്റെ പരിധിയിലുള്ള വിവിധ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കുന്നതിനായുള്ള നടപടികൾ കാര്യക്ഷമമാക്കേണ്ടതാണ്.

ആസ്തി രജിസ്റ്ററിന്റെ പരിപാലനം തൃപ്തികരമല്ല. പഞ്ചായത്തിലെ ആസ്തികളുടെ വിവരം പൂർണ്ണമായും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്. കാർഷികമാർക്കറ്റും മറ്റ് നിഷ്ക്രിയആസ്തികളും നിർമ്മാണം പൂർത്തിയാക്കി ഉപയോഗക്ഷമമാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10.06.2022 | 01.04.2022 മുതൽ 31.05.2022 വരെ | ലഭ്യമായില്ല |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.07.2014 | 2009-10 മുതൽ 2013-14 വരെ | 20.10.2014 |

## 1-11 ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഉറവൂർ ഗ്രാമപഞ്ചായത്തിലെ 2021-22 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു. പ്രസ്തുത അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.
1) 1994 ലെ കേരള പഞ്ചായത്ത്‌രാജ് നിയമം വകുപ്പ് 205 ഐ , 1996 ലെ കേരള പഞ്ചായത്ത്‌രാജ് (തൊഴിൽ നികുതി ചട്ടങ്ങൾ) ചട്ടം 18(2) എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഓരോ സ്ഥാപനത്തിനും പ്രത്യേകം പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഒരു ഡിമാന്റ് രജിസ്റ്റർ (ഫോറം 5) സൂക്ഷിക്കേണ്ടതാണ്. പ്രസ്തുത രജിസ്റ്റർ കാലികമായി പുതുക്കേണ്ടതുമാണ്. എന്നാൽ പഞ്ചായത്തിൽ അത്തരമൊരു രജിസ്റ്റർ സൂക്ഷിക്കുന്നില്ല. പഞ്ചായത്തിൽ സാംഖ്യ അക്കൗണ്ട് പ്രകാരം തൊഴിൽ നികുതി അടച്ച സ്ഥാപനങ്ങൾ മാത്രം ഉൾക്കൊള്ളുന്ന ഒരു രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കിയത്. ആയതിനാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും സ്ഥാപന തൊഴിൽ നികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും അടച്ചിട്ടുണ്ടോ എന്ന് ഉറപ്പിക്കാനായിട്ടില്ല.
2) ലൈസൻസ് രജിസ്റ്റർ പ്രകാരം 2021-22 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ നിന്നും 265 സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചതായി കാണുന്നു. ലൈസൻസ് അനുവദിച്ച പല സ്ഥാപനങ്ങളിലും കൂടുതൽ ജീവനക്കാർ ഉള്ളതായി ലൈസൻസ് അപേക്ഷയിൽ തന്നെ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ജീവനക്കാരുടെ തൊഴിൽ നികുതി തൊഴിലുടമ മുഖേന ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല. ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ലൈസൻസിയുടെ പേര് | അപേക്ഷ പ്രകാരമുള്ള ജീവനക്കാരുടെ എണ്ണം | ലൈസൻസ് നം. |
|---|---|---|---|---|
| 1 | സെന്റ് ജോർജ്ജ് അഡ്വാൻസ്ഡ് ട്രേഡ് ടെസ്റ്റ് സെന്റർ ഫോർ ഓവർസീസ് റിക്രൂട്ട്മെന്റ് | ബിജി സ്റ്റീഫൻ | 10 | 16/21-22 |
| 2 | സബിത വിനീർ യൂണിറ്റ് | ഷാജി വി.എ | 10 | 46/21-22 |
| 3 | സജിത സോ മിൽ | ഷാജി വി.എ | 10 | 48/21-22 |
| 4 | നെസ് സ്പൈസസ് | ഷിനോയ് പോൾ | 5 | 90/21-22 |
| 5 | ചിറക്കൽ സ്പൈസസ് | ജോർജ്ജ് സ്റ്റീഫൻ | 4 | 70/21-22 |
| 6 | അൽഫോൺസ ഇൻഡസ്ട്രീസ് | ലില്ലി അഗസ്റ്റിൻ | 7 | 62/21-22 |
| 7 | എമറാൾഡ് ഫ്യുവൽസ് | മഞ്ജു വർഗ്ഗീസ് | 5 | 151/21-22 |
| 8 | ലോൺഡ്രി ഡേ | അഖിൽ പൌലോസ് | 4 | 149/21-22 |
| 9 | കരിങ്ങേൻ ട്രേഡേഴ്സ് | ആന്റു കെ.സി. | 5 | 107/21-22 |
| 10 | 2M കമ്പോണന്റ്സ് LLP | മൻസൂർ കെ.പി | 10 | 202/21-22 |
| 11 | 2M ലിഫ്റ്റ്സ് & എസ്കലേറ്റേഴ്സ് പ്രൈ.ലി. | മൻസൂർ കെ.പി | 10 | 203/21-22 |
| 12 | സൂര്യ മിൽക്ക് | സജിൻ എ.ജി | 4 | 229/21-22 |
| 13 | പാറേക്കാട്ടിൽ സോളിഡ് ബ്രിക്ക് & പാവിംഗ് സ്റ്റോൺസ് | സാബു സെബാസ്റ്റ്യൻ | 6 | 240/21 |
| 14 | ഇൻ ഓൺ മാർട്ട് | ആൽബിൻ ബേബി | 3 | 245/21 |
| 15 | കോഴിപ്പങ്ക് കഫെ | ധനിഷ് റ്റി.ഡി | 5 | 251/21 |
| 16 | മൈ വെന്യൂ ബ്യൂട്ടിക്ക് | സൂര്യ വേണു | 4 | 253/21 |
| 17 | ബൊസോർഗാനിക്സ് പ്രൈ.ലി. | മാത്യൂ ജോസഫ് | 4 | 256/21 |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി തൊഴിലുടമ മുഖേന ഡിമാന്റ് ചെയ്ത് ഈടാക്കി രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.
3) പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന പഞ്ചായത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്യുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.ആയത് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. 2021-22 സാമ്പത്തിക വർഷത്തെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരമുള്ള കരാറുകാരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | 2021-22 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാരുടെ പേര് |
|---|---|
| 1 | കെ.കെ യാക്കോബ് |
| 2 | ഷിബു ആന്റണി |
| 3 | ലോറൻസ് എ.ജെ |
| 4 | ഷാജൻ സ്റ്റീഫൻ |
| 5 | വി.വി. രാജൻ |
| 6 | ജോയ് കുര്യൻ |
| 7 | സാബു സെബാസ്റ്റ്യൻ |
| 8 | സിജോ പി.എൽ |
| 9 | സന്തോഷ്കുമാർ വി.വി |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (1/28.09.2022)മറുപടി ലഭ്യമാക്കിയില്ല.

## 1-11-1 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

2021-22 സാമ്പത്തിക വർഷത്തിലെ തൊഴിൽനികുതി റിട്ടേൺ പത്രികകളുടെ പരിശോധനയിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് കാണുന്നു.

| ക്രമ നം | സ്ഥാപനം | ജീവനക്കാരന്റെ പേര് | അർദ്ധ വർഷം | റിട്ടേൺ പ്രകാരം ആകെ അർദ്ധ വാർഷിക വരുമാനം | ഈടാക്കിയ നികുതി | ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|---|---|---|---|
| 1 | കീർത്തി ആഗ്രോ മിൽസ് പ്രൈ.ലി. | അമർ | I | 77862 | 600 | 750 | 150 |
| 2 | | വൈദ്യനാഥൻ | I | 136175 | 1000 | 1250 | 250 |
| 3 | | അനിൽ കുമാർ എഫ്. | II | 129842 | 1000 | 1250 | 250 |
| 4 | | മുത്തുരാജ് ആർ | II | 127093 | 1000 | 1250 | 250 |
| 5 | മംഗലി ക്രഷർ | സുരേഷ് | I | 45000 | 300 | 450 | 150 |
| | | | II | 45000 | 300 | 450 | 150 |
| 6 | കീർത്തി നിർമ്മൽ ട്രേഡ് ലിങ്ക്സ് പ്രൈ.ലി. | തോമസ് പി.എൽ | II | 126937 | 1000 | 1250 | 250 |
| | | | | | | | 1450 |

മേൽ ജീവനക്കാരിൽ നിന്നും കുറവായി ഈടാക്കിയ തൊഴിൽ നികുതി ഈടാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 FACTEOS ലൈസൻസ് - അപാകതകൾ

2021-22 സാമ്പത്തിക വർഷത്തെ FACTEOS ലൈസൻസ് രജിസ്റ്റർ , ട്രേഡേഴ്സ് ലിസ്റ്റ് , ലൈസൻസ് അപേക്ഷകൾ എന്നിവയുടെ പരിശോധനയിൽ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ച അപാകതകൾ തൻവർഷവും നിലനിൽക്കുന്നതായി കാണുന്നു.

1. സാംഖ്യാ അക്കൗണ്ട് പ്രകാരം ലൈസൻസ് ഫീ അടവാക്കിയ സ്ഥാപനങ്ങളെ മാത്രം ചേർത്ത് രജിസ്റ്റർ എഴുതി സൂക്ഷിയ്ക്കുകയാണ് ചെയ്യുന്നത്. രജിസ്റ്റർ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തയ്യാറാക്കി ധനകാര്യ പത്രിക പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുമായി റീകൺസൈൽ ചെയ്യുന്നില്ല എന്നതിനാൽ ഡി സി ബി-യുടെ കൃത്യത ഉറപ്പാക്കുവാനാകുന്നില്ല.

2.കുടിശ്ശിക കൃത്യമായി രേഖപ്പെടുത്തുന്നില്ല. വരവ് തന്നെ ഡിമാന്റായി വർഷാവസാനം സാംഖ്യയിൽ ചേർക്കുന്നു. മുൻവർഷത്തെ വരവിന്റെ അടിസ്ഥാനത്തിൽ വർഷാരംഭത്തിൽ തന്നെ തൻവർഷ ഡിമാന്റ് സാംഖ്യയിൽ ചേർക്കുന്നില്ല.

3. ട്രേഡേഴ്സ് ലിസ്റ്റിൽ 332 സ്ഥാപനങ്ങൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും 265 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്.

4.വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് വർഷാവർഷം കാലികമാക്കി ലിസ്റ്റിലെ ക്രമ പ്രകാരം ലൈസൻസ് രജിസ്റ്റർ എഴുതി തയ്യാറാക്കുന്നില്ല.

5.ലൈസൻസ് അപേക്ഷകളിൽ മൂലധന നിക്ഷേപം രേഖപ്പെടുത്തുകയോ മൂലധന നിക്ഷേപം പരിശോധിച്ച് 31-10-2017 ലെ ജി. ഒ (പി) 80/2017/ എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരമുള്ള ലൈസൻസ് ഫീ ഈടാക്കുകയോ ചെയ്യുന്നില്ല. മുൻവർഷം ഈടാക്കിയ ഫീസ് തന്നെ തൻവർഷവും ഈടാക്കുന്നു.

6. ഭൂരിഭാഗം ലൈസൻസ് അപേക്ഷകളിലെയും അപേക്ഷകർ പൂരിപ്പിക്കേണ്ട വിവരങ്ങൾ അപൂർണ്ണമാണ് (അപേക്ഷകളിലെ ക്രമ നം.16 മുതൽ 25 വരെയുള്ള വിവരങ്ങൾ പൂരിപ്പിച്ചിട്ടില്ല). ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | അപേക്ഷകന്റെ പേര് | സ്ഥാപനത്തിന്റെ പേര് | ലൈസൻസ് ക്രമ നം |
|---|---|---|---|
| 1 | മാർട്ടിൻ എ.എൽ | ഗ്രേസ് സൂപ്പർമാർക്കറ്റ് | 194/21 |
| 2 | ഷെൽഡൻ ജോർജ്ജ് | ഗോൾഡ് സ്റ്റാർ എഞ്ചിനീയറിംഗ് | 191/21 |
| 3 | ബൈജു എ.ഡി | ഹൈ ക്ലാസ് ഫർണിച്ചർ | 127/21 |
| 4 | റിജോ പടയാട്ടിൽ | എം/എസ് പടയാട്ടിൽ ഫ്രെയിംസ് & വെനീർസ് | 75/21 |

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (13/30.09.2022)ആയവ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകി. മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീ കണക്കാക്കുമ്പോൾ മുൻവർഷങ്ങളിൽ ഈടാക്കിയ തുകയിൽ കുറവുണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്.

## 1-13 വാടക - അപാകതകൾ

2021-22 സാമ്പത്തിക വർഷത്തിലെ ഗ്രാമപഞ്ചായത്തിലെ വാടക രജിസ്റ്റർ, അപേക്ഷകൾ, കരാറുകൾ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) വാടക കെട്ടിടങ്ങളുടെ നടത്തിപ്പിനായുള്ള ബൈലോ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയത് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

2) പഞ്ചായത്തിന് വാടകയിനത്തിൽ 2018-19 വർഷത്തിൽ ലഭിക്കേണ്ടിയിരുന്ന 32214/-രൂപ 2021-22 സാമ്പത്തിക വർഷത്തിലും കുടിശ്ശികയായി നിലനിൽക്കുന്നതായി കാണുന്നു. പ്രസ്തുത തുക ഈടാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം വാടക ഇനത്തിലെ മുൻവർഷങ്ങളിലെ കുടിശ്ശിക തുകകൾ പിരിച്ചെടുക്കുവാനാവശ്യമായ മേൽ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3) 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും കയ്യൊഴിക്കലും) ചട്ടത്തിലെ ചട്ടം 10 പ്രകാരം പഞ്ചായത്ത് ലൈസൻസ് വ്യവസ്ഥയിൽ വാടകയ്ക്കോ പാട്ടത്തിനോ നൽകുന്ന കടമുറികൾക്ക് പത്ത് ശതമാനം പട്ടിക ജാതി/പട്ടിക

വർഗ്ഗ വിഭാഗങ്ങൾക്കും മൂന്ന് ശതമാനം 50 ശതമാനത്തിന് മുകളിൽ അംഗവൈകല്യം ഉള്ള വികലാംഗർക്കും സംവരണം ചെയ്തിട്ടുണ്ട്. ആയത് പ്രകാരം സംവരണം ചെയ്തിട്ടുള്ള മുറികളുടെ വിവരം ലഭ്യമാക്കേണ്ടതാണ്.

4) ഷോപ്പിംഗ് കോംപ്ലക്സിലെ 24 കട മുറികളിൽ, 11 ഷോപ്പുകൾ, 8 ഐ.ഐ.ടി , 1 പോസ്റ്റോഫീസ്, 1 പഞ്ചായത്ത് ലൈബ്രറി എന്നിവ പ്രവർത്തിക്കുന്നു. ബാക്കി 3 മുറികൾ ഒഴിഞ്ഞു കിടക്കുന്നതായി കാണുന്നു. ആയത് ലേലം ചെയ്യുന്നതിനായി നടപടികൾ സ്വീകരിച്ച് രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

5) വാടക രജിസ്റ്റർ പ്രകാരം 11 കട മുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ടെങ്കിലും 6 കട മുറികളിലെ വാടകക്കാരുമായി മാത്രമാണ് നിശ്ചിത വിലയിലുള്ള സ്റ്റാമ്പ് പേപ്പറിൽ കരാർ ചമച്ചിട്ടുള്ളത്. ബാക്കിയുള്ള താഴെ പറയുന്ന വാടകക്കാരുമായും പഞ്ചായത്ത് നിശ്ചിത വിലയിലുള്ള സ്റ്റാമ്പ് പേപ്പറിൽ കരാർ ചമച്ചിട്ടില്ല. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം | കട നം | വാടകക്കാരന്റെ പേര് |
|---|---|---|
| 1 | 14/185 | രത്നമ്മ ആന്റണി, അറക്കൽ വീട്, ഉറവൂർ |
| 2 | 14/190 | ലിക്സൺ ജോർജ്ജ്, തളിയൻ വീട്, ഉറവൂർ |
| 3 | 14/191 | കെ.പി ശിവൻ, കാഞ്ഞിലൻ വീട്, ഉറവൂർ |
| 4 | 14/192 | എം.ഒ തോമസ്, മുളവരിക്ക വീട്, ഉറവൂർ |
| 5 | 14/193 | എൻ.എസ് വിക്രമൻ, നെടുവേലി വീട്, ഉറവൂർ |

6) 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും കയ്യൊഴിക്കലും) ചട്ടത്തിലെ ചട്ടം 7(2)(1) പ്രകാരം നിർദ്ദേശിച്ചിട്ടുള്ള ഫോറം III ന്റെ മാതൃകയിൽ വാടകക്കാരുമായി നിശ്ചിത വിലയിലുള്ള സ്റ്റാമ്പ് പേപ്പറിൽ കരാർ ചമക്കേണ്ടതാണ്. വാടകക്കാരുമായി നിശ്ചിത വിലയിലുള്ള സ്റ്റാമ്പ് പേപ്പറിൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിലും ഫോറം III മാതൃകയിലുള്ളതല്ല. വാടക മുറിയുടെ നമ്പർ, വിസ്തീർണ്ണം, തുക അടവാക്കേണ്ട തീയതി, വൈദ്യുതി കണക്ഷൻ, കുടിവെള്ള കണക്ഷൻ എന്നിവയുടെ വിശദാംശങ്ങൾ കരാർ പത്രങ്ങളിൽ ഉൾപ്പെടുത്തുന്നില്ല. വാടകക്കാരൻ കടമുറി എന്താവശ്യത്തിനാണ് എടുക്കുന്നതെന്ന് കരാർ പത്രത്തിൽ കൃത്യമായി രേഖപ്പെടുത്തുന്നില്ല. പി.ടി പൌലോസ്, പാലാട്ടി ക്കുനത്താൻ, ഉറവൂർ പി.ഒ (കട മുറി നം.14/189 )- എന്നയാൾ കരാറിൽ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല. കരാറുകളിൽ സെക്രട്ടറി ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (02/28.09.2022) മറുപടി ലഭ്യമാക്കിയില്ല. 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും കയ്യൊഴിക്കലും) ചട്ടത്തിലെ ചട്ടം 7(2)(1) പ്രകാരം നിർദ്ദേശിച്ചിട്ടുള്ള ഫോറം III ന്റെ മാതൃകയിൽ വാടകക്കാരുമായി കരാർ ചമയ്ക്കാനും ആവശ്യമായ വിവരങ്ങൾ കരാറിൽ ഉൾപ്പെടുത്തുവാനും കരാറിലേർപ്പെടുന്നവർ ആയതിൽ ഒപ്പ് രേഖപ്പെടുത്തുവാനും ശ്രദ്ധിക്കേണ്ടതാണ്.

## 1-14 തനത് ഫണ്ടിൽ നിന്ന് നൽകിയ സാക്ഷരതാപ്രേരക്-മാരുടെ വേതനം തിരികെ ലഭ്യമായില്ല.

തനത് ഫണ്ട് വൌച്ചർ നം 22100055 തീ 15-4-21, 8832/-; വൌച്ചർ നം 22100056 തീ 15-4-21, 8832/- ; വൌച്ചർ നം 22100057 തീ 15-4-21, 7920/-; വൌച്ചർ നം 221000114തീ 7-5-21, 9600/-; വൌച്ചർ നം 221000115തീ 7-5-21, 9600/-; വൌച്ചർ നം 221000116തീ 7-5-21, 8280/-; പ്രകാരം സാക്ഷരതാപ്രേരക്-മാരുടെ മാർച്ച്, ഏപ്രിൽ മാസങ്ങളിലെ വേതനം പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് നൽകിയിട്ടുള്ളതായി കാണുന്നു. സർക്കാർ ഉത്തരവ് (സാധാ)626/2021/തസ്വഭവ തീ 26-2-21 പ്രകാരം ഡിസംബർ 2020 മുതൽ മാർച്ച് 2021 വരെയുള്ള നാല് മാസത്തെ സാക്ഷരതാ പ്രേരക്-മാരുടെ വേതനം പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട് എങ്കിലും സാക്ഷരതാമിഷന് സർക്കാർ ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് തദ്ദേശസ്ഥാപനത്തിന് തിരികെ നൽകേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്.

മേൽ ഉത്തരവ് പ്രകാരം സാക്ഷരതാ പ്രേരക്-മാരുടെ വേതനം തനത് ഫണ്ടിൽ നിന്ന് നൽകിയിട്ടുള്ള വേതനത്തിന്റെ വിശദാംശങ്ങളും തുക തിരികെ ലഭ്യമായിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങളും ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ 28-09-2022ലെ ഓഡിറ്റ് എൻക്വയറി 5-നുള്ള മറുപടിയിൽ 53064/-രൂപ ഈ ഇനത്തിൽ നൽകിയിട്ടുള്ളതായും തുക തിരികെ ലഭിക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കുന്നതാണ് എന്നും അറിയിച്ചു. തുകയുടെ കൃത്യത ഉറപ്പാക്കേണ്ടതും 2020-21 വർഷത്തേതടക്കം ഓരോ മാസവും നൽകിയ തുകകളുടേയും തിരികെ ലഭിച്ച തുകകളുടെയും വിശദാംശങ്ങളടക്കം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 ബയോഗ്യാസ് പ്ലാന്റ് - സബ്സിഡി അനുവദിച്ചതിലെ അപാകത

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 116/21-22, ബയോഗ്യാസ് പ്ലാന്റ് |
| നിർവ്വഹണോദ്യോഗസ്ഥൻ | വി.ഇ.ഒ. |
| അടങ്കൽ | 273600/-ധനകാര്യ കമ്മീഷൻ ഗ്രാന്റ്<br>239400/-ഗുണഭോക്തൃവിഹിതം |
| ചെലവ് | 151200-ധനകാര്യ കമ്മീഷൻ ഗ്രാന്റ്<br>77000/ - ഗുണഭോക്തൃവിഹിതം |

| | |
|---|---|
| ബിൽ നമ്പർ | ധനകാര്യ കമ്മീഷൻ ഗ്രാന്റ്- ഇ-ഗ്രാമസ്വരാജ് വൌച്ചർ നം. XVFC/21-22/P/16 തീ 31-3-22, 151200/-<br>തനത് ഫണ്ട് വൌച്ചർ നം 22100553 തീ 31-3-22 , 77000/- |

38 ഗുണഭോക്താക്കൾക്ക് 13500/- രൂപ യൂണിറ്റ് കോസ്റ്റുള്ള ബയോഗ്യാസ് പ്ലാന്റ് വിതരണം ചെയ്യുന്നതിനായിരുന്നു പദ്ധതി വിഭാവനം ചെയ്തിരുന്നത്. 7200/- രൂപ സബ്സിഡിയും 6300/- രൂപ (യൂണിറ്റ് കോസ്റ്റിന്റെ 46.66%) ഗുണഭോക്തൃവിഹിതവുമാണ് നിശ്ചയിച്ചിരുന്നത്. എന്നാൽ പദ്ധതി നടത്തിപ്പിൽ ടെണ്ടർ നടപടിയിലൂടെ ബയോഗ്യാസ് പ്ലാന്റ് 10900/ നിരക്കിൽ ലഭ്യമാകുകയുണ്ടായി. ഈ സാഹചര്യത്തിൽ 10900/ രൂപയുടെ 46.66% മായ 5080/- രൂപ ഗുണഭോക്തൃവിഹിതമായി ഈടാക്കേണ്ടതായിരുന്നു എങ്കിലും 3700/- രൂപ വീതമാണ് ഗുണഭോക്തൃവിഹിതമായി ബയോഗ്യാസ് പ്ലാന്റ് വിതരണം ചെയ്ത 21 ഗുണഭോക്താക്കളിൽ നിന്ന് ഈടാക്കിയിട്ടുള്ളത്. കുറഞ്ഞ നിരക്കിൽ ഗുണഭോക്തൃവിഹിതം ഈടാക്കിയതിന് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് കൊണ്ട് നൽകിയ 28-09-2022ലെ ഓഡിറ്റ് എൻക്വയറി 6 ന് ലഭ്യമാക്കിയ മറുപടിയിൽ ബയോഗ്യാസ്പ്ലാന്റിന്റെ വിലയായ 10900/-നിന്ന് പരമാവധി അനുവദിക്കാവുന്ന സബ്സിഡി നിരക്കായ 7200/- രൂപ കുറവു ചെയ്ത്, ബാക്കിയുള്ള തുകയാണ് ഗുണഭോക്തൃവിഹിതമായി ഈടാക്കിയത് എന്ന മറുപടി തൃപ്തികരമല്ല. യൂണിറ്റ് കോസ്റ്റ് 13500/- രൂപ എന്നതിന്റെ അടിസ്ഥാനത്തിലാണ് 7200/- രൂപ ( യൂണിറ്റ് കോസ്റ്റിന്റെ 53.33%) പരമാവധി അനുവദിക്കാവുന്ന സബ്സിഡിയായി നിശ്ചയിച്ച് പദ്ധതി വിഭാവനം ചെയ്തത് എന്നതിനാൽ കുറഞ്ഞ വിലയ്ക്ക് ബയോഗ്യാസ് പ്ലാന്റ് ലഭ്യമായ സാഹചര്യത്തിൽ യഥാർത്ഥ വിലയുടെ 53.33% മായ 5813/- രൂപയാണ് സബ്സിഡി നൽകേണ്ടിയിരുന്നത്. പദ്ധതി മാർഗ്ഗരേഖ പ്രകാരം യഥാർത്ഥ വിലയുടെ 90% അല്ലെങ്കിൽ പരമാവധി 7200/- രൂപ സബ്സിഡി അനുവദനീയമാണ് എങ്കിലും പദ്ധതിയ്ക്ക് അംഗീകാരം ലഭിച്ച പ്രകാരമുള്ള സബ്സിഡി നിരക്കാണ് അനുവദിക്കേണ്ടത്. അപാകതയ്ക്ക് കൃത്യമായ വിശദീകരണം നൽകേണ്ടതും ഭാവിയിൽ ഇത്തരം അപാകത ഒഴിവാക്കുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

## 1-16 കുടിവെള്ളവിതരണ പദ്ധതികൾ – പദ്ധതി ലക്ഷ്യം പൂർത്തീകരിക്കപ്പെട്ടിട്ടില്ല

1.

| | |
|---|---|
| പ്രവൃത്തിയുടെ പേര് | രാമർ നഗർ കോളനി കുടിവെള്ള പദ്ധതി - വാർഡ് 14 |
| പ്രൊ.നമ്പർ | എസ് 35/22 |
| അടങ്കൽ തുക | 3,34,600/- |
| കരാർ തുക | 2,98,698 + 12% GST |
| കോൺട്രാക്ടറുടെ പേര് | ശ്രീ.സിജോ പി.എൽ |
| എഗ്രിമെന്റ് നമ്പർ/തീയതി | 30/AE/LSGD/TP/2021-22 തീയതി 04/02/2022 |
| ആകെ ചെലവ് | 1st & Part Bill 2,42,028/- (ബിൽ നം. 350/21-22തീ. 31.03.2022)<br>2nd & Final Bill 92,509/- (ബിൽ നം. 24/21-22 തീ. 03.06.2022) |

ഉറവൂർ ഗ്രാമപഞ്ചായത്തിൽ വാർഡ് 14-ൽ 2021--2022 വാർഷികപദ്ധതിയിൽപ്പെടുത്തി അംഗീകാരം ലഭിച്ച രാമർ നഗർ കോളനി കുടിവെള്ള പദ്ധതി എന്ന പ്രവൃത്തിക്ക് ( AS No. 12513/ 20/08/2019) 3,34,600/- രൂപ അടങ്കൽ നിർണ്ണയിച്ച് ടെൻഡർ ചെയ്തതിൻപ്രകാരം 2 കരാറുകാർ ടെൻഡർ സമർപ്പിക്കുകയും, അതിൽ കുറഞ്ഞ തുക ക്വാട്ട് ചെയ്ത ശ്രീ.സിജോ പി.എൽ.എന്നയാളുടെ 2,98,698/- രൂപയുടെ ടെൻഡർ അംഗീകരിക്കുവാനം തീരുമാനിച്ചു. (തീരുമാനം നം. 4(1) തീയതി.15/01/2022) 2,98,633/- രൂപയുടെ ആകെ പ്രവൃത്തിമൂല്യത്തിൽ കരാറുകാരന് രണ്ട് പാർട്ട് ബില്ലുകളായി തുക നല്കിയിട്ടുണ്ട്.

03/2022ൽ പണി പൂർത്തീകരിച്ചതാണെങ്കിലും ഓഡിറ്റ് വേളയിൽ ടി സ്ഥലത്ത് പരിശോധന നടത്തിയപ്പോൾ മേൽപ്പറഞ്ഞ പദ്ധതി പ്രദേശത്ത് ടാങ്ക് സ്ഥാപിക്കുന്നതിനുള്ള സ്റ്റീൽ സ്ട്രക്ചർ നിർമ്മിച്ച് 3000 ലിറ്ററിന്റെ വാട്ടർ ടാങ്ക് സ്ഥാപിച്ചിട്ടുണ്ട്. ഈ ടാങ്കിലേക്കുള്ള വെള്ളത്തിന്റെ സ്രോതസ്സ് തൊട്ടടുത്തുള്ള കിണർ ആണ്. മേൽ പദ്ധതി പ്രദേശത്തുള്ള 35ൽ കൂടുതൽ കുടുംബങ്ങളിലേക്ക് ഡിസ്ട്രിബ്യൂഷൻ ലൈനിട്ട് ടാപ്പുകളും സ്ഥാപിച്ച് നല്കിയിട്ടുണ്ട്. എന്നാൽ ജലസ്രോതസ്സായ കിണറ്റിൽ നിന്ന് വെള്ളം പമ്പ് ചെയ്ത് ഓവർഹെഡ് ടാങ്കിൽ നിറയ്ക്കുന്നതിനായി മോട്ടോർ സ്ഥാപിക്കുകയോ, ഇലക്ട്രിക്കൽ കണക്ഷൻ എടുക്കുകയോ ചെയ്തിട്ടില്ല.

2.

| | |
|---|---|
| പ്രവൃത്തിയുടെ പേര് | ഡയറിക്കവല കുടിവെള്ള പദ്ധതി- വാർഡ് 14 |
| പ്രൊ.നമ്പർ | എസ് 124/22 |
| അടങ്കൽ തുക | 3,50,000/- |
| കരാർ തുക | 3,12,065-+ 12% GST |
| കോൺട്രാക്ടർ | ശ്രീ.സിജോ പി.എൽ |
| എഗ്രിമെന്റ് നം./തീയതി | 29/AE/LSGD/TP/2021-22 തീ. 04/02/2022 |
| ആകെ ചെലവ് | 1st & Final Bill – ₹ 3,49,363/- (ബിൽ നം. 05/21-22 തീ. 05.05.2022) |

ഉറവൂർ ഗ്രാമപഞ്ചായത്തിൽ വാർഡ് 14-ൽ 2021--2022 വാർഷികപദ്ധതിയിൽപ്പെടുത്തി അംഗീകാരം ലഭിച്ച രാമർ നഗർ കോളനി കുടിവെള്ള പദ്ധതി എന്ന പ്രവൃത്തിക്ക് ( AS No. 12513/ 20/08/2019) 3,34,600/- രൂപ അടങ്കൽ നിർണ്ണയിച്ച് ടെൻഡർ ചെയ്തതു പ്രകാരം 2 കരാറുകാർ ടെൻഡർ സമർപ്പിക്കുകയും, അതിൽ കുറഞ്ഞ തുക ക്വാട്ട് ചെയ്ത ശ്രീ.സിജോ പി.എൽ. എന്നയാളുടെ 3,12,065/- രൂപയുടെ ടെൻഡർ അംഗീകരിക്കുകയും ചെയ്തു [തീരുമാനം നം. 4(1) തീയതി.15/01/2022]. 3,11,931/- രൂപയുടെ ആകെ പ്രവൃത്തി മൂല്യത്തിൽ കരാറുകാരന് 12% GST കോമ്പൻസേഷൻ കൂടി ചേർത്ത് നിയമാനുസൃതനികുതികൾ കിഴിച്ച് 3,36,887/- രൂപ നല്കിയിട്ടുണ്ട്.

03/2022ൽ പണി പൂർത്തീകരിച്ച ഈ പ്രവൃത്തി സ്ഥലത്ത് ഓഡിറ്റ് വേളയിൽ പരിശോധന നടത്തിയപ്പോൾ

മേൽപ്പറഞ്ഞ പദ്ധതി പ്രദേശത്ത് ടാങ്ക് സ്ഥാപിക്കുന്നതിനുള്ള സ്റ്റീൽ സ്ട്രക്ചർ നിർമ്മിച്ച് 3000 ലിറ്ററിന്റെ വാട്ടർ ടാങ്ക് സ്ഥാപിച്ചിട്ടുണ്ട് എന്ന് കാണാൻ സാധിച്ചു. ഈ ടാങ്കിലേക്കുള്ള വെള്ളത്തിന്റെ സ്രോതസ്സ് തൊട്ടടുത്തുള്ള കിണർ ആണ്. മേൽ പദ്ധതി പ്രദേശത്തുള്ള 19 കുടുംബങ്ങളിലേക്ക് ഡിസ്ട്രിബ്യൂഷൻ ലൈൻ വലിച്ച് ടാപ്പുകളും സ്ഥാപിച്ച് നല്കിയിട്ടുണ്ട്. എന്നാൽ ജലസ്രോതസ്സായ കിണറ്റിൽ നിന്ന് വെള്ളം പമ്പ് ചെയ്ത് ഓവർഹെഡ് ടാങ്കിൽ നിറയ്ക്കുന്നതിനായി മോട്ടോർ സ്ഥാപിക്കുകയോ, ഇലക്ട്രിക്കൽ കണക്ഷൻ എടുക്കുകയോ ചെയ്തിട്ടില്ല.

മേൽപ്പറഞ്ഞ രണ്ട് കുടിവെള്ളപ്രൊജക്ടുകളിലും മോട്ടോർ സ്ഥാപിച്ച് പ്രൊജക്ട് ലക്ഷ്യമായ കുടിവെള്ളവിതരണം പൂർത്തീകരിക്കുന്നതിനാവശ്യമായ വിധത്തിൽ 2022-23 വർഷത്തിൽതന്നെ തുടർപ്രൊജക്ട് ആവിഷ്ക്കരിച്ച് ആവശ്യമായനടപടികൾ കൈക്കൊള്ളേണ്ടതാണ്.

1. രാമർ നഗർ കുടിവെള്ള പദ്ധതി



2. ഡയറിക്കവല കുടിവെള്ളപദ്ധതി




## 1-17 അസറ്റ് രജിസ്റ്റർ കാലികമാക്കി പരിപാലിക്കേണ്ടതും, അസറ്റ് മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കേണ്ടതുമാണ്.

2016-17 സാമ്പത്തികവർഷം മുതൽ 2021-22 വരെ ഗ്രാമപഞ്ചായത്തിന്റെ വിവിധ ആസ്തികളുടെ മെയിന്റനൻസിനായി വികസനഫണ്ടിൽ നിന്നും, മെയിന്റനൻസ് ഗ്രാന്റിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ട്.

സർക്കാർ ഉത്തരവ് നം. 50412/ഡിബി2/2011/ത.സ്വ.ഭ.വ സർക്കാർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ആസ്തികൾ കൃത്യമായി എഴുതി സൂക്ഷിക്കണമെന്നും, ആയതിന്റെ ഇ-കോപ്പി I.K.M.ന് നൽകണമെന്നും നിർദ്ദേശിക്കപ്പെട്ടിരുന്നു. ഗ്രാമപഞ്ചായത്തിൽ 2021-2022 വരെ നിർമ്മിക്കപ്പെട്ട പുതിയ നിർമ്മിതികൾ ആസ്തി രജിസ്റ്ററിൽ ചേർത്ത് കാലികമാക്കേണ്ടതാണ്.

ജി.ഒ (ആർ.ടി.) 166/ 2017/ എൽ.എസ്.ജി.ഡി. തീയതി. 20.01.2017 ഉത്തരവ് പ്രകാരം നിലവിൽ വന്ന അസ്സറ്റ് മാനേജ്മെന്റ് മാന്വൽ അനുസരിച്ച് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായി, വൈസ് പ്രസിഡന്റ് , സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർ പേഴ്സൺമാർ, സെക്രട്ടറി, എൽ.എസ്.ജി.ഡി. എൻജിനീയർ, അക്കൗണ്ടന്റ് എന്നിവർ ഉൾപ്പെട്ട ഒരു അസ്സറ്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ആസ്തികളുടെ വാർഷിക വിലയിരുത്തൽ നടത്തി (Annual Status Assessment Of Asset Condition) അതിന്റെ അടിസ്ഥാനത്തിൽ അസറ്റ് മാനേജ്മെന്റ് സ്ട്രാറ്റജിയും (AMS), അസറ്റ് മാനേജ്മെന്റ് പ്ലാനും (AMP) തയ്യാറാക്കേണ്ടതാണ്. അസറ്റ് മാന്വലിൽ നിഷ്കർഷിക്കുന്ന പ്രകാരമുള്ള അസറ്റ് രജിസ്റ്ററും പരിപാലിക്കേണ്ടതാണ്.

## 1-18 ഹോമിയോ മരുന്നുകൾ ലഭ്യമായിട്ടില്ല

പ്രൊജക്റ്റ് നം – 43/22

അടങ്കൽ തുക – 100000/- MG(NR)

ചെലവ് - 100000/-

ബിൽ നം - 1/29.10.21

ഹോമിയോ മെഡിക്കൽ ഓഫീസർ നടപ്പാക്കിയ 'ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ' എന്ന പ്രൊജക്ട് പ്രകാരം കേരള സ്റ്റേറ്റ് ഹോമിയോപ്പതിക്ക് കോ-ഓപ്പറേറ്റീവ് ഫാർമസിയിൽ 1 ലക്ഷം രൂപ അടവാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെയും മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല. പണം അടവാക്കി 11 മാസം കഴിഞ്ഞാണ്(21.09.2022ന്) 64,857/- രൂപയുടെ മരുന്ന് ലഭിച്ചത്. 35,143/- രൂപയുടെ മരുന്ന് ഇനിയും ലഭ്യമാകാനുണ്ട്. മുൻകൂർ തുക നൽകുമ്പോൾ ഹോംകോയുമായി കരാർ ഒപ്പുവച്ചിട്ടില്ല.

ഓഡിറ്റ് എൻക്വയറിക്ക് (നം.7 തീ.28.09.2022) മറുപടി ലഭിച്ചില്ല. തുടർ നടപടികൾ സ്വീകരിച്ച് മരുന്ന് ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. മരുന്ന് സ്റ്റോക്കിലെടുത്ത് രേഖകൾ ഹാജരാക്കുന്നതുവരെ 35,143/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-19 മരുന്ന് പൂർണ്ണമായും ലഭ്യമായില്ല

1.

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 86/21-22, എഫ്.എച്ച്.സി. -ക്ക് മരുന്ന് |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| അടങ്കൽ | 7,00,000/-മെയിന്റനൻസ് ഫണ്ട്(റോഡിതരം) |
| ചെലവ് | 7,00,000/-മെയിന്റനൻസ് ഫണ്ട്(റോഡിതരം) |
| ബിൽ നം | 2/19-7-21, 43149/-;<br>5/26-8-21, 118883/-;<br>10/ 15-11-21, 86085/;<br>18/8-2-22, 79964/-;<br>22/ 23-2-22, 79734/-;<br>27/19-3-22, 290000/-;<br>30/24-3-22, 2135/- |

മേൽ പദ്ധതിയുടെ നടത്തിപ്പിനായി ആകെ ചെലവായ തുകയിൽ ബിൽ നം 27/19-3-22, പ്രകാരം മരുന്ന് ലഭ്യമാക്കുന്നതിന് 2,90,000/- രൂപ (പ്രഫോർമ ഇൻവോയ്സ് നം PRF 6667 തീ 8-3-22) കേരള മെഡിക്കൽ സർവീസസ് കോർപറേഷൻ ലിമിറ്റഡിന് കൈമാറിയെങ്കിലും 62,841/-രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത് (ഇൻവോയ്സ് നം. 15324 തീ. 30-3-22, 55,644/-; ഇൻവോയ്സ് നം 2951 തീ. 25-5-22, 7,197/-; ). 2,27,159/-രൂപയുടെ മരുന്ന് ലഭ്യമാകാത്തതിന് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ 28-09-2022ലെ ഓഡിറ്റ് എൻക്വയറി നം.3-നുള്ള മറുപടിയിൽ സ്ഥാപനത്തിന് കത്ത് നൽകിയിട്ടുള്ളതായും മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കുന്നതാണ് എന്നും അറിയിച്ചു. മരുന്ന് ലഭ്യമാക്കി വിശദാംശങ്ങളടക്കം അറിയിക്കുന്നതു വരെ 2,27,159/- രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

2.

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 87/21-22, എഫ്.എച്ച്.സി. മുഖേന ക്യാൻസർ , മാനസികവൈകല്യമുള്ളവരുടെ ചികിൽസയ്ക്ക് മരുന്ന്. |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| അടങ്കൽ | 3,00,000/- -മെയിന്റനൻസ് ഫണ്ട്(റോഡിതരം) |
| ചെലവ് | 2,24,064/- -മെയിന്റനൻസ് ഫണ്ട്(റോഡിതരം) |
| ബിൽ നമ്പർ | 28/19-3-22, ₹2,24,064/- |

മേൽ പദ്ധതിയുടെ നടത്തിപ്പിനായി 2,24,064/- രൂപ (പ്രഫോർമ ഇൻവോയ്സ് നം PRF 6519 തീ 04-03-2022)കേരള മെഡിക്കൽ സർവീസസ് കോർപറേഷൻ ലിമിറ്റഡിന് കൈമാറിയെങ്കിലും 1,42,824/-രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത് (ഇൻവോയ്സ് നം 2966 തീ. 25-5-22, ₹17,611/-; ഇൻവോയ്സ് നം 2958 തീ. 25-5-22 ₹23,218/-; ഇൻവോയ്സ് നം 2955 തീ. 25-5-22 ₹9,158/-; ഇൻവോയ്സ് നം 2963 തീ. 25-5-22 ₹29,389/-; ഇൻവോയ്സ് നം 5314 തീ. 1-7-22 ₹25,036/-; ഇൻവോയ്സ് നം 5308 തീ. 1-7-22 ₹38,412/-). 81,240/-രൂപയുടെ മരുന്ന് ലഭ്യമാകാത്തതിന് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട കൊണ്ട് നൽകിയ 28-09-2022ലെ ഓഡിറ്റ് എൻക്വയറി നം.3-നുള്ള മറുപടിയിൽ സ്ഥാപനത്തിന് കത്ത് നൽകിയിട്ടുള്ളതായും മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കുന്നതാണ് എന്നും അറിയിച്ചു. മരുന്ന് ലഭ്യമാക്കി വിശദാംശങ്ങളടക്കം അറിയിക്കുന്നതുവരെ 81,240/- രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-20 പദ്ധതി നടപ്പിലായില്ല - ജില്ലാ പഞ്ചായത്തിന് കൈമാറിയ തുക തിരികെ ലഭ്യമായില്ല.

1.

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 48/21-22, നിർധനരായ ഡയാലിസിസ് രോഗികൾക്ക് ചികിൽസാ സഹായം |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ ,പി.എച്ച്.സി. |

| | |
|---|---|
| അടങ്കൽ | 1,20,000/ - തനത് ഫണ്ട് |
| ചെലവ് | 58,250/ - തനത് ഫണ്ട് ( വൌച്ചർ നം 22100443 തീ 26-2-22) |

2.

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 51/21-22, സ്ക്രീനിങ്ങ് ഓഫ് ഏർളി ഇൻവെൻഷൻ സെന്റേഴ്സ് |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ ,പി.എച്ച്.സി. |
| അടങ്കൽ | 20,000/- തനത് ഫണ്ട് |
| ചെലവ് | 20,000/- തനത് ഫണ്ട്( വൌച്ചർ നം 22100444 തീ 26-2-22) |

മേൽ പദ്ധതികളുടെ നടത്തിപ്പിനായി 78,250/- രൂപ ജില്ലാ പഞ്ചാത്തിന് കൈമാറിയതായി കാണുന്നു എങ്കിലും വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 28-09-2022ലെ ഓഡിറ്റ് എൻക്വയറി നം.3ന് മറുപടിയിൽ ജില്ലാ പഞ്ചായത്തിൽ ചെലവഴിക്കാതെ ശേഷിച്ച ഈ തുക സർക്കാർ തിരികെ എടുത്തിട്ടുള്ളതായി എറണാകുളം ജില്ലാ പഞ്ചായത്തിന്റെ 26-05-2022 ലെ ഡി.പി. 13-1014/21 കത്തിൽ അറിയിച്ചതായി നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചു. പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് ജില്ലാ പഞ്ചാത്തിന് കൈമാറിയ തുക തിരികെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും, തുക ലഭിക്കുന്നതുവരെ 78,250/- രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുകയും ചെയ്യുന്നു.

## 1-21 മുൻകൂർ തുക നൽകിയിട്ടും കെൽട്രോണിൽ നിന്നും സ്കാനർ ലഭിച്ചില്ല

പ്രൊജക്ട് - MGNREGS ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ (152/22)
നിർവ്വഹണം – സെക്രട്ടറി

അടങ്കൽ – ₹70,940/-

ചെലവ് - ₹66,884/-

ഫണ്ട്- മെയിന്റനൻസ് ഗ്രാന്റ്

BRN - 21110952004300755446/7.12.21- ₹ 39,797/-

21110952004301002427/24.1.22- ₹ 27,087/-

കമ്പ്യൂട്ടർ വാങ്ങൽ പദ്ധതി പ്രകാരം MGNREGS ഓഫീസിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ, സ്കാനർ എന്നിവ വാങ്ങുന്നതിനായി മുൻകൂർ തുക ഐ.ടി.മിഷന് നൽകിയിട്ടുണ്ട്. 7,069/- രൂപ സ്കാനറിനായാണ് നൽകിയത്. എന്നാൽ നാളിതു വരെ സ്കാനർ ലഭിച്ചില്ല. വർക്ക് ഓർഡർ പ്രകാരമുള്ള സ്കാനർ Outdated ആയതിനാൽ ഇനി സപ്ലൈ ചെയ്യാൻ കഴിയില്ല എന്നും തുക തിരികെ നൽകാം എന്നും കെൽട്രോൺ 26.03.2022 ന് നൽകിയ കത്തിൽ പറഞ്ഞിട്ടുണ്ട്. എന്നാൽ നാളിതുവരെ തുക തിരികെ ലഭിച്ചിട്ടില്ല.

മെയിന്റനൻസ് ഗ്രാന്റ് വിനിയോഗത്തിനായുള്ള മാർഗനിർദേശങ്ങൾ ( G.O(P)11/18/29.1.18 ഖണ്ഡിക 6-7) പ്രകാരം കൈമാറികിട്ടിയ ഘടകസ്ഥാപനങ്ങളുടെ ആസ്തിസംരക്ഷണത്തിനാണ് ഗ്രാന്റ് ചെലവഴിക്കാവുന്നത്. MGNREGS ഗ്രാമപഞ്ചായത്തിന് കൈമാറികിട്ടിയ സ്ഥാപനമല്ല. ഗ്രാമപഞ്ചായത്ത് കാര്യാലയത്തിൽ ഉൾപ്പെട്ടതാണ്. അതിനാൽ മെയിന്റനൻസ് ഗ്രാന്റ് MGNREGS ഓഫീസിലേക്ക് ഉപകരണങ്ങൾ വാങ്ങാൻ വിനിയോഗിച്ചത് ക്രമപ്രകാരമല്ല.

ഓഡിറ്റ് എൻക്വയറി -12/29.9.22 ന് മറുപടി ലഭിച്ചില്ല

മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ച് പദ്ധതികൾ നടപ്പിലാക്കുമ്പോൾ മാർഗനിർദേശങ്ങൾ പാലിച്ച് അനുവദനീയമായ പദ്ധതികൾ മാത്രം നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. സ്കാനറിനായി കെൽട്രോണിന് നൽകിയ 7,069/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. തുക തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-22 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

A) സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2021-22 സാമ്പത്തിക വർഷത്തിൽ വിവിധ പ്രവൃത്തികൾക്കായി വിഹിതം നൽകിയിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ച് അടവാക്കിയ തുകയുടെ വിനിയോഗസാക്ഷ്യപത്രം ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കിയതായി കാണുന്നില്ല. വിശദവിവരം താഴെക്കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട് നമ്പർ, പ്രോജക്ട് | ചെലവഴിച്ച തുക | വൌച്ചർ നമ്പർ, തീയതി | റിമാർക്സ് |
|---|---|---|---|---|
| 1 | 2/2022 IKM വിഹിതം | 53,340/- (പ്ലാൻഫണ്ട്-ജനറൽ) | 21110952004300181285/ 7.7.21 | |
| 2 | 3/2022 SSA വിഹിതം | 3,00,000/- (പ്ലാൻഫണ്ട്-ജനറൽ) | 21110952004300321800/ 17.8.21 | |
| 3 | 154/22 ആർദ്രം പദ്ധതി | 2,68,577/- (മെയിന്റനൻസ് ഗ്രാന്റ് ) | 21110952004300531548/ 18.10.21 | FHCകെട്ടിടനിർമ്മാണത്തിനായി മെഡിക്കൽ ഓഫീസർക്ക് നൽകി |
| | ആകെ | 6,21,917/- | | |

വിനിയോഗസാക്ഷ്യപത്രം ലഭ്യമാകുന്നത് വരെ 6,21,917/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

B) ഡെപ്പോസിറ്റ് പ്രവർത്തിക്കായി താഴെ പറയും പ്രകാരം വാട്ടർ അതോറിറ്റിക്കും തുക നൽകിയിട്ടുണ്ട്.

പ്രോജക്ട് നമ്പർ – 114/2022
പ്രോജക്ട് – വാർഡ് 5, കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ
ഫണ്ട് – ധനകാര്യ കമ്മീഷൻ ഗ്രാന്റ്
ചെലവ് – ₹ 2,74,500/-
വൌച്ചർ നമ്പർ,തീയതി –XVFC/P/8/ 8.3.22

വാർഡ് 5 കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷനായി 2,74,500/- രൂപ വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുണ്ട്. കരാർ (6/03.03.2022) പ്രകാരം 30.06.2022 ന് മുൻപ് പ്രവൃത്തി പൂർത്തിയാക്കേണ്ടതാണ്. എന്നാൽ നാളിതുവരെ പ്രവൃത്തി പൂർത്തിയാക്കി വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. പദ്ധതി പ്രവർത്തനം മോണിറ്റർ ചെയ്യേണ്ടതും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഡെപ്പോസിറ്റ് തുക ക്രമീകരിക്കേണ്ടതുമാണ്. വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്നതുവരെ ചെലവ് തുക 2,74,500/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-23 വെള്ളക്കരം കുടിശ്ശികക്ക് കൃത്യമായ കണക്കില്ല

ഗ്രാമപഞ്ചായത്തിലെ പൊതുടാപ്പുകളുടെ വെള്ളക്കരം ഒടുക്കുന്നതിനായി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2 പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

| പ്രൊജക്ട് | അടങ്കൽ | ചെലവ് | വൌച്ചർ -നം - | തുക |
|---|---|---|---|---|
| വെള്ളക്കരം അടക്കൽ (115/22) | 400000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) | 338591 | P/1/10.11.21- - | 64318 |
| | | | P/2/10.11.21 – | 55130 |
| | | | P/3/10.11.21 - | 55130 |
| | | | P/4/10.11.21- | 54671 |
| | | | P/6/24.2.22 | 54671 |
| | | | P/10/9.3.22- | 54671 |
| വെള്ളക്കരം അടക്കൽ (5/22) | 592000 (മെയിന്റനൻസ് ഗ്രാന്റ് ) | 592000 | BRN- 21110952004300083907/ 26.5.21- | 119448 |
| | | | 21110952004300083908/ 26.5.21 | 119448 |
| | | | BRN- 21110952004300083908/ 26.5.21- | 119448 |
| | | | 211109520043000122954/ 15.6,21 | 119448 |
| | | | 21110952004300219972/ 20.7.21- | 119448 |
| | | | 21110952004300321836/17.8.21- | 114208 |
| ആകെ | | 930591 | | |

വാട്ടർ അതോറിറ്റിയുടെ ബിൽ പ്രകാരം 31.3.21 ലെ വെള്ളക്കര കുടിശ്ശിക 51946 രൂപ മാത്രമായിരുന്നു. 3/22 ലെ ബിൽ പ്രകാരം 194927 രൂപ കുടിശ്ശികയുണ്ട്. 4/21 മുതലുള്ള പ്രതിമാസവാട്ടർ ചാർജ് മേൽ പദ്ധതികൾ പ്രകാരം ഒടുക്കിയിട്ടുണ്ടെങ്കിലും വാട്ടർ അതോറിറ്റിയുടെ കുടിശ്ശിക തുക വർദ്ധിച്ചതായാണ് കാണുന്നത്.

2021 ആഗസ്റ്റ് വരെ പൊതുടാപ്പുകളുടെ എണ്ണം 260 ആയിരുന്നു. സെപ്റ്റംബർ മുതൽ 140 എന്നാണ് വാട്ടർ അതോറിറ്റിയുടെ ബില്ലിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

തുക ഒടുക്കിയെങ്കിലും വാട്ടർ അതോറിറ്റിയുടെ ഡിമാന്റിൽ കുറവ് വരാത്തത് സംബന്ധിച്ച് വാട്ടർ അതോറിറ്റിക്ക് കത്ത് നൽകുന്നതാണെന്നും ഓഡിറ്റ് എൻക്വയറി -11/29.9.22 – ന് മറുപടി നൽകിയിട്ടുണ്ട്. വാട്ടർ ചാർജ് ഇനത്തിൽ ഒടുക്കിയ തുകകൾ വാട്ടർ അതോറിറ്റി വരവ് വെക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതും വെള്ളക്കരം ഡിമാന്റിന്റെ കൃത്യത ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-24 ജില്ലാ വെബ് പോർട്ടൽ - പദ്ധതി നടപ്പിലായില്ല.

| | |
|---|---|
| പ്രോജക്ട് | കുട്ടികൾക്കായുള്ള ജില്ലാ വെബ് പോർട്ടൽ തുക നൽകൽ |
| പ്രോജക്ട് നമ്പർ | 34/2021-22 |
| അടങ്കൽ | 12,500/-(തനത് ഫണ്ട്) |
| ചെലവ് | 12,500/- |
| നം./, തിയതി | 20212211098000328247/ 15.03.2022 |
| നിർവഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

കുട്ടികൾക്കായുള്ള ജില്ലാ വെബ് പോർട്ടലിന് തുക നൽകൽ എന്ന പ്രോജക്ടിനായി ജില്ലാ പഞ്ചായത്തിന് 12,500/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ജില്ലാപഞ്ചായത്തിന്റെ 10.06.2022 ലെ ഡിപി 15-567/22 പ്രകാരം പദ്ധതി തുക ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല എന്നും ജോയിന്റ് വെഞ്ചർ അക്കൌണ്ടിലെ തുക സർക്കാർ തിരിച്ചെടുത്തു എന്നും അറിയിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നുമാണ് ജില്ലാ പഞ്ചായത്തിന് തുക നൽകിയത് എന്നതിനാൽ പദ്ധതി നടപ്പിലാവാത്ത സാഹചര്യത്തിൽ തുക ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ലഭ്യമാക്കേണ്ടതാണ്. തനത് ഫണ്ടിൽ നിന്നും നൽകിയ 12,500/- രൂപ തിരികെ ഈടാക്കുവാനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. തിരികെ ഈടാക്കി ഓഡിറ്റിൽ അറിയിക്കുന്നതു വരെ ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു.

## 1-25 പഠനമുറി നിർമ്മാണം - അപാകതകൾ

പ്രോജക്ട് – പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി

നിർവ്വഹണം - അസിസ്റ്റന്റ് സെക്രട്ടറി

സ.ഉ.(കൈ)നം.22/2018/തസ്വഭവ തീയതി 14.02.2018 ഖ.7.2.17 പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠന സൗകര്യം ഉറപ്പാക്കാൻ വീടിനോടൊപ്പം പഠനമുറി നിർമ്മിക്കാവുന്നതാണ്. നിലവിലുള്ള 800 ച.അടിയിൽ (74.32 M2) അധികരിക്കാത്ത വീടിനോടൊപ്പം നിർമ്മിക്കുന്നതിനാണ് ധനസഹായം അനുവദിക്കാവുന്നത്. സ.ഉ.(സാധാ)2636/2018/തസ്വഭവ തീയതി 15.10.2018 പ്രകാരം ധനസഹായം അനുവദിക്കാവുന്ന പഠനമുറിയുടെ തറവിസ്തീർണ്ണം 120 ച.അടിയിൽ അധികരിക്കാവുന്നതല്ല.

ഗ്രാമപഞ്ചായത്തിൽ പഠനമുറി നിർമ്മാണത്തിനായി 2 പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇവ പ്രകാരം ധനസഹായം അനുവദിച്ച രണ്ട് ഗുണഭോക്താക്കളുടെ അർഹതാരേഖകൾ പരിശോധിച്ചതിൽ നിലവിലുള്ള വീടിന്റെ വിസ്തീർണ്ണം 800 $Ft^2$ ൽ കൂടുതലാണ് എന്ന് കാണുന്നു. വിശദവിവരം താഴെ ചേർക്കുന്നു

| പ്രൊജക്ട് നം | അടങ്കൽ -(SCP) | ചെലവ് | ഗുണ ഭോക്താവ് | ധനസഹായം അനുവദിച്ചത് | തുക |
|---|---|---|---|---|---|
| 129/22 | 662800 | 518469 | നിരഞ്ജൻ, വിലങ്ങപ്പുറത്ത്, കിടങ്ങൂർ | 1st Instalment – (2020 -21 വർഷം)l<br>2nd Instalment -Bill No-3/1.09.21<br>3rd Instalment -Bill No-10/20.12.21 | 50000<br>75000<br>63488 |
| 12/22 | 708375 | 500000 | അശോകൻ.ഇ.കെ , | 1st Instalment Bill No. 16/9.2.22<br>2ndinstalment-Bill No.19/15.02.22<br>(3rd Instalment 2022-23 ൽ കൊടുത്തു) | 50000<br>75000 |

1. നിരഞ്ജൻ

സഞ്ചയയിലെ അസസ്മെന്റ് രേഖകൾ പ്രകാരം നിലവിലുള്ള കെട്ടിടത്തിന്റെ (കെട്ടിട നം. 10/40)തറവിസ്തീർണ്ണം - താഴത്തെ നില – 78.32 M2 ആണ്. ഹാജരാക്കിയ പ്ലാൻ പ്രകാരം നിലവിലുള്ള കെട്ടിടത്തിന്റെ വിസ്തീർണ്ണം താഴത്തെ നിലയും ഒന്നാം നിലയിലെ സ്റ്റെയർറൂമും ഉൾപ്പെടെ 79.05 M2 ആണ്. 11.16 M2 ഉള്ള പഠനമുറിയാണ് നിർമ്മിക്കാനുദ്ദേശിച്ചത്. അതായത് 800 Ft2 ൽ കൂടുതലുള്ള വീടിനോട് ചേർന്നാണ് പഠനമുറി നിർമ്മിച്ചത്.

2. അശോകൻ.ഇ.കെ , ഉറവൂർ

സഞ്ചയയിലെ അസസ്മെന്റ് രേഖകൾ പ്രകാരം നിലവിലുള്ള കെട്ടിടത്തിന്റെ (കെട്ടിട നം. 6/183A)തറവിസ്തീർണ്ണം - താഴത്തെ നില – 76.06 $M^2$ ആണ്. അതായത് 800 $Ft^2$ ൽ കൂടുതലുള്ള വീടിനോട് ചേർന്നാണ് പഠനമുറി നിർമ്മിച്ചത്.

നിർമ്മാണം പൂർത്തിയാക്കിയ ശേഷം നികുതിനിർണ്ണയം നടത്തി സഞ്ചയയിൽ മാറ്റം വരുത്തിയിട്ടുമില്ല. വീടിന്റെ കംപ്ലീഷൻ, നികുതി അടച്ചതിന്റെ രേഖ എന്നിവ വാങ്ങി സൂക്ഷിച്ചിട്ടില്ല.

സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾപാലിക്കാതിരുന്നതിന്റെ കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി- 11/29.9.22 ന് മറുപടി ലഭിച്ചില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും ഭാവിയിൽ അർഹതാമാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-26 പഠനമുറി - നിർമ്മാണം പൂർത്തിയാക്കിയില്ല

പ്രോജക്ട് – പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി (129/22)

അടങ്കൽ – ₹6,62,800/- (SCP)

ചെലവ് - ₹ 5,18,469/-

പദ്ധതി പ്രകാരം ധനസഹായം കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ പഠനമുറിയുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല

| ഗുണഭോക്താവ് | ബിൽ നം, തുക |
|---|---|
| ശ്രീലക്ഷ്മി D/O സുബ്രഹ്മണ്യൻ | 13/19.1.22 - ₹ 50,000/-<br>15/2.2.22 - ₹ 75,000/- |
| രാജു എസ്.അമ്പാടൻ | 12/18.1.22 - ₹ 50,000/-<br>19/15.2.22 - ₹ 75,000/- |

ഇവർക്ക് രണ്ട് ഗഡുക്കളായി ആകെ 1,25,000/- രൂപ വീതം സബ്സിഡി നൽകിയിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി – 11/29.9.22 ന് മറുപടി ലഭിച്ചില്ല). പഠനമുറിയുടെ നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-27 വിദ്യാർത്ഥികൾക്ക് ലാപ്ടോപ് - സർക്കാർ നിർദേശം പാലിച്ചില്ല

| | |
|---|---|
| പ്രോജക്റ്റ് നം, പേര് | 170/21-22, പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പദ്ധതി അടങ്കൽ | 4,84,000/-രൂപ (വികസനഫണ്ട്-എസ്.സി.പി)<br>5,574 /- തനത് ഫണ്ട് |
| ചെലവഴിച്ച തുക- | ബിൽ നം 23/22.03.2022- ₹4,84,000/-<br>തനത് ഫണ്ട്- റിക്വ.നം -5063519601210024/23.3.22- ₹5,574/- |

എസ്.സി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ലാപ്ടോപ് നൽകുന്നതിനായി ആവിഷ്കരിച്ച ഈ പദ്ധതി പ്രകാരം 12 വിദ്യാർത്ഥികൾക്കാണ് ലാപ്ടോപ് നൽകിയത്. ജി ഒ (Rt) നം.482/2022/എൽ.എസ്.ജി.ഡി. തീയതി 22.02.2022 പ്രകാരം പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള നിശ്ചിത സ്പെസിഫിക്കേഷനിലുള്ള ലാപ്ടോപ്പുകൾ GEM പോർട്ടൽ വഴി വാങ്ങി നൽകിയതിന് അനുമതി നൽകിയിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരം ലാപ്ടോപുകൾക്ക് ഉബണ്ടു ഓപറേറ്റിങ്ങ് സിസ്റ്റവും 4 ജി ബി മെമ്മറിയുമാണ് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ പദ്ധതി നടപ്പാക്കിയപ്പോൾ വിൻഡോസ് 10 ഓപറേറ്റിങ്ങ് സിസ്റ്റവും 8 ജി ബി മെമ്മറിയുമുള്ള ലാപ്ടോപ്പുകൾ ആണ് വാങ്ങി നൽകിയിട്ടുള്ളത്. ഇത് ലാപ്ടോപ്പുകളുടെ വില വർദ്ധിക്കുന്നതിന് കാരണമായിട്ടുണ്ട്. GEM പോർട്ടൽ വഴി ഒരു ലാപ്ടോപ്പിന് 40798/- രൂപ എന്ന നിരക്കിൽ ക്വോട്ട് ചെയ്ത സൌണ്ട് സൊല്യൂഷൻസ് , മുംബൈ എന്ന സ്ഥാപനത്തിൽ നിന്നാണ് 12 ലാപ്ടോപ്പുകൾ വാങ്ങിയിട്ടുള്ളത്. ഗുണഭോക്തൃ ലിസ്റ്റിൽ 25 വിദ്യാർത്ഥികൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും 12 പേർക്ക് മാത്രമാണ് ലാപ്ടോപ്പുകൾ നൽകാൻ കഴിഞ്ഞിട്ടുള്ളത്. പ്രസ്തുത സമയത്ത് GEM ൽ നിശ്ചിത സ്പെസിഫിക്കേഷനിലുള്ള ലാപ്ടോപ്പുകൾ ലഭ്യമല്ലാതിരുന്നതിനാലാണ് ഉയർന്ന സ്പെസിഫിക്കേഷനുള്ള ലാപ്ടോപ്പ് വാങ്ങി നൽകിയത് എന്നാണ് വിശദീകരണം നൽകിയത് (ഓഡിറ്റ് എൻക്വയറി- 11/29.9.22). ഭാവിയിൽ പദ്ധതി നടത്തിപ്പിൽ സർക്കാർ നിർദേശങ്ങൾ കൃത്യമായി പാലിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത് | | |

### 4-2 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | തൻവർഷം ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | 2021-22 ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 1590000 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പഠനസഹായം | 1590000 | 0 |
| | ആകെ | 1590000 | | 1590000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 1575000 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പഠനസഹായം | 1575000 | 0 |
| | ആകെ | 1575000 | | 1575000 | 0 |

മുൻവർഷങ്ങളിൽ ജില്ലാ -ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്ന് ലഭിച്ച സംയുക്ത പ്രൊജക്റ്റുകൾക്കുവേണ്ടി ലഭിച്ച ഫണ്ട് പഞ്ചായത്തിന്റെ ജോയിന്റ് വെൻച്വർ അക്കൗണ്ടിൽ 01.04.2021ൽ മുന്നിരിപ്പായുണ്ടായിരുന്നു. അതിൽ നിന്ന് ചെലവഴിച്ച തുക കഴിച്ച് 31.03.2022ൽ ബാക്കി നിൽക്കുന്ന തുകയുടെ വിവരം താഴെപ്പറയുന്നു.

| വിഹിതം നൽകിയ സ്ഥാപനം | മുൻ വർഷങ്ങളിലെ മുന്നിരുപ്പ് | 2021-2022 വരവ് | | | ആകെ വരവ് (OB+ Recept) | ചെലവ് | | | ആകെ ചെലവ് | നീക്കിയിരുപ്പ് | |
|---|---|---|---|---|---|---|---|---|---|---|---|
| | | RP-31 | RP-7 | ആകെ വരവ് | | TSB A/C ൽ നിന്ന് | നേരിട്ട് ചെലവഴിച്ചത് | ആകെ ചെലവ് | | അക്കൗണ്ടിൽ നിന്ന് | നേരിട്ട് ചെലവഴിച്ചത് |

| | | | | | | ചെലവഴിച്ചത് | RP-7 | | | ചെലവഴിച്ചതിൽ ബാക്കി B4 ഷെഡ്യൂൾ പ്രകാരം | ബാക്കി |
|---|---|---|---|---|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് (Revenue) | 600000 | 0 | 1590000 | 1590000 | 2190000 | 420000 | 1590000 | 2010000 | 2010000 | 180000 | 0 |
| ജില്ലാ പഞ്ചായത്ത് (Revenue) | 0 | 0 | 1575000 | 1575000 | 1575000 | 0 | 1575000 | 1575000 | 1575000 | 0 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ- വാർഡ് 5 | XVFC/2021-22 08/03/2022 | 274500 | 274500 | 0 |

31/03/2022 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18 പ്രകാരം കെ.എസ്.ഇ.ബി.യിലും കെ.ഡബ്ല്യു.എ.യിലും ചെലവഴിക്കാൻ ബാക്കി നിൽക്കുന്ന തുക മുൻവർഷങ്ങളിൽ ടി സ്ഥാപനങ്ങളിൽ നിക്ഷേപിച്ചതിൽ ചെലവഴിക്കാൻ ബാക്കി നിൽക്കുന്ന തുക ഉൾപ്പെടെയാണ്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC ലൈഫ് ഭവന വായ്പ – | സർക്കാർ ഉത്തരവ് എം എസ് നം 68/18 തീ.18.05.2018 | 53,45,345 | 39,08,012 | 13,34,667 | - | 25,73,345 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 66,28,500 |
| തൻവർഷം നിക്ഷേപിച്ച തുക | 4,20,754 |
| ആകെ | 70,49,254 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 70,49,254 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | ബാങ്ക് | നിക്ഷേപിച്ച തീയതി | കാലയളവ് | തുക |
|---|---|---|---|---|
| 1 | ഉറവൂർ സർവ്വീസ് സഹകരണ ബാങ്ക് | 01.02.2022 | 6 മാസം | 35,24,627 |
| 2 | ഉറവൂർ സർവ്വീസ് സഹകരണ ബാങ്ക് | 01.02.2022 | 6 മാസം | 35,24,627 |
| | ആകെ | | | 70,49,254 |

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയാളിന്റെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ / തീയതി |
|---|---|---|---|---|
| 2002-03 | 2-13 | 42,000/- | എം.കെ.മുരളീധരൻ, സെക്രട്ടറി (റിട്ട.) | 1210103972 / 31.03.2022 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 - വകുപ്പുപ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2004-05 | 3-39 | 2006-07 | 3-19 | മരാമത്ത്പ്രവൃത്തികൾക്ക് മുൻകൂർ കൈപ്പറ്റിയിട്ട് പണി പൂർത്തിയാക്കിയില്ല | 9 പ്രവൃത്തികളിൽ 4 എണ്ണത്തിൽ കരാറുകാർ തുക തിരിച്ചടച്ചു.ബാക്കി 5 പേർ കേസ്സ് ഫയൽ ചെയ്തു. |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,60,17,976 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,37,39,332 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 13,37,778 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | സ്ഥിരമായ മേൽവിലാസം |
|---|---|---|---|
| 1-18 | 35,143/- | ഡോ. ചിത്ര വേലായുധൻ<br>മെഡിക്കൽ ഓഫീസർ, ഹോമിയോ | ചെറുകുന്നത്ത്ഹൌസ് നം -27<br>ഗ്രീൻഗാർഡൻ ഹൌസിംഗ് കോളനി,<br>ടി.ബി.ജങ്ഷൻ<br>അങ്കമാലി |
| 1-19 | 2,27,159/-<br>81,240/- | ഡോ. അരുൺ ബി. കൃഷ്ണ,<br>മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | പീച്ചാംപള്ളി വീട്, പുളിയനം (പിഒ)<br>അങ്കമാലി |
| 1-20 | 78,250/- | ഡോ. അരുൺ ബി. കൃഷ്ണ,<br>മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | പീച്ചാംപള്ളി വീട്, പുളിയനം (പിഒ)<br>അങ്കമാലി |
| 1-21 | 7,069/- | ശ്രീമതി അംബിക.കെ.പി<br>സെക്രട്ടറി, ഇറവൂർ ഗ്രാമപഞ്ചായത്ത് | ദ്രൌപദി ഭവൻ, കൊച്ചേരി<br>തുരുത്തുശ്ശേരി |
| 1-22 | 3,53,340/- | ശ്രീ മണികണ്ഠൻ സി.<br>സെക്രട്ടറി, ഗ്രാമപഞ്ചായത്ത് | അമ്പാട്ട് വീട്, മൂക്കന്നൂർ (പിഒ)<br>അങ്കമാലി |
| 1-22 | 2,68,577/- | ശ്രീമതി അംബിക കെ.പി.<br>സെക്രട്ടറി | ദ്രൌപദി ഭവൻ, കൊച്ചേരി<br>തുരുത്തുശ്ശേരി |
| 1-22 B | 2,74,500/- | ശ്രീമതി ഷാജിത ബീഗം<br>സെക്രട്ടറി | മാകുന്നിൽ വീട്, പെരിങ്ങാട്<br>കടക്കൽ, കൊല്ലം |
| 1-24 | 12,500/- | ശ്രീമതി സൈനബ<br>ഐ.സി.ഡി.എസ്.സൂപ്പർവൈസർ | തേലംപുറത്ത്, റയോൺപുരം(പി.ഒ)<br>കാഞ്ഞിരക്കാട് |
| ആകെ | 13,37,778/- | | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് /തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരംമേൽവിലാസവും

ഇല്ല.

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1984-85 | എൽ.എഫ്.ഇ(പി-5)1327/1989/തീയതി 19/9/1989 |
| 1987-88 | എൽ.എഫ്.ഇ(പി-5)178/1992/തീയതി 14/1/1992 |
| 1988-89 | എൽ.എഫ്.ഇ(പി-5)2757/1992/തീയതി 5/2/1994 |
| 1992-93 | എൽ.എഫ്.ഇ(പി-5)695/1995/തീയതി 16/2/1998 |
| 1993-94 | എൽ.എഫ്.ഇ(പി-5)695/1995/തീയതി 16/2/1998 |
| 1997-98 | എൽ.എഫ്.ഇ(പി-4)1220/2001/തീയതി 15/5/2002 |
| 2000-01 | എൽ.എഫ്.ഇ(പി-4)1297/04/തീയതി 18/4/2005 |
| 2001-02 വരവ് | എൽ.എഫ്.ഇ(പി-4)1298/04/തീയതി 11/4/2005 |
| 2001-02 പദ്ധതിചെലവ് | എൽ.എഫ്.ഇ(പി-4)502/04/തീയതി 4/6/2004 |
| 2002-03 | എൽ.എഫ്.ഇ(പി-4)1299/04/തീയതി 11/4/2005 |
| 2004-05 | എൽ.എഫ്.ഇ(പി-4)201/07/തീയതി 13/3/2007 |
| 2006-07 | എൽ.എഫ്.ഇ(പി-4)1676/08/തീയതി 30/5/2009 |
| 2008-09 | എൽ.എഫ്.ഇ(പി-4)842/12/തീയതി 19/7/2012 |
| 2009-10 | എൽ.എഫ്.ഇ(പി-4)843/12/തീയതി 19/7/2012 |
| 2010-11 | എൽ.എഫ്.ഇ(പി-4)844/12/തീയതി 19/7/2012 |
| 2011-12 & 2012-13 | എൽ.എഫ്.ഇ(പി-4)1012/14/തീയതി 27/8/2014 |
| 2013-14& 2014-15 | കെ.എസ്.എ-ഇ.കെ.എം(പി.4എ)13/2016 തീയതി.21/1/2016 |
| 2015-16 | കെ.എസ്.എ-ഇ.കെ.എം(പി.4)2144/2016 തീയതി.08/02/2016 |
| 2016-17 | കെ.എസ്.എ-ഇ.കെ.എം(പി.4)1246/2017 തീയതി.21/07/2017 |
| 2017-18 | കെ.എസ്.എ-.കെ.എം(പി.4)2043/2018 തീയതി.02/11/2018 |
| 2018-19 | കെ.എസ്.എ-ഇ.കെ.എം(പി.4)3/2020 തീയതി. 16/01/2020 |
| 2019-20 | കെ.എസ്.എ-ഇ.കെ.എം(പി.4)1910/2021 തീയതി. 14/07/2022 |
| 2020-21 | കെ.എസ്.എ-ഇ.കെ.എം(പി.4)1911/2021 തീയതി. 14/07/2022 |

.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ തുറവൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ തുറവൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്